

# PHARMA FIRST

www.pharmafirstonline.com

Vol-3 Issue-8 October 2021

MEDIHAUXE PHARMA PRIVATE LIMITED

NOW IN KOCHI

## WORLD SPINE DAY

BACK 2 BACK

October -16

**Research**

*Covid 19 sudden cardiac deaths*

**Drug Reviews**

*ANTICID*
*FOLIC ACID*
*Eu. Perfoliatum*

**Laws**

*Advertisement Laws*

**ആരോഗ്യ വെല്ലുവിളികൾ**

സെറിബ്രൽ പാൾസി

**ന്യൂട്രിഷൻ**

ഭക്ഷണങ്ങൾ രോഗപ്രതിരോധം തീർക്കുമോ

PHARMA FIRST
Vol-3 Issue-8 October 2021

# CONTENTS

1st Multi Lingual
Magazine in malayalam








04 **COVID-19 chaos: Sudden cardiac death-A rising potential risk**

Dr. Shan Sasidharan is giving some valuable suggestions to the Public to manage the potential risks associated with Covid 19 chaos.

07 **Laws related to advertisements**

Dr. P. K. Sreekumar Describes various laws and regulations related to Advertisements of Drugs and Pharmaceuticals and the guidelines to avoid legal actions. The rights and privileges of the consumers to prevent objectionable and misleading advertisements also are narrated.

11 **CODE OF MEDICAL ETHICS & GENERAL PRESCRIPTIONS OF DRUGS**

ശ്രീ. എൻ. എസ്. അലക്സാണ്ടർ എഴുതിയ ലേഖനത്തിന്റെ അവസാന ഭാഗം. ജനങ്ങളുടെ ആരോഗ്യത്തെയും സാമ്പത്തികത്തെയും സാരമായി ബാധിക്കുന്ന ഒരു നിയമം നടപ്പിലാക്കാൻ വേണ്ടി അദ്ദേഹം ഒറ്റയ്ക്ക് നടത്തിയ ശ്രമങ്ങൾ പുതു തലമുറയ്ക്ക് ആവേശം പകരാൻ സാധിക്കും.

17 **ഭക്ഷണങ്ങൾ രോഗപ്രതിരോധം തീർക്കുമോ?**

നമ്മുടെ ആഹാരത്തിലൂടെ ശരീരത്തിലെത്തുന്ന വിറ്റാമിനുകളും ധാതു ലവണങ്ങളും നൽകുന്ന പോഷകഗുണങ്ങളെക്കുറിച്ചും അവയിലടങ്ങി യിരിക്കുന്ന പ്രധാന ഘടകങ്ങളെക്കുറിച്ചും ഡോ: ജിജിത് യു എസ്സ്. വിശദമാക്കുന്നു. ജീവിതശൈലീ രോഗങ്ങളെ ചെറുക്കുവാൻ സഹായിക്കുന്ന പ്രായോഗിക നിർദ്ദേശങ്ങളടങ്ങിയ ലേഖനത്തിന്റെ ഒന്നാം ഭാഗം.

30 **സെറിബ്രൽ പാൾസി അഥവാ തലച്ചോറിനെ ബാധിക്കുന്ന തളർവാതം**

നമ്മുടെ ശരീരത്തിലെ മാംസപേശികളുടെ ചലനവും ഏകോപനവും താറുമാറാക്കി തലച്ചോറിനെ ദുർബലപ്പെടുത്തുന്ന രോഗമായ സെറിബ്രൽ പാൾസിയെക്കുറിച്ചു വിശദമാക്കുന്ന ലേഖനം.


## മറ്റു പംക്തികൾ


Pharma Quiz ........ 14
Ask The Master ........ 16
UBIO BIOTECHNOLOGY SYSTEMS PVT LTD .. 21
മരുന്നുകടകൾ ലാഭകരമാക്കാം ........ 23
FOLIC ACID ........ 24
EUPATORIUM PERFOLIATUM ........ 26
Crescent College Of Pharmaceutical Sciences Payangadi ........ 28

## പത്രാധിപക്കുറിപ്പ്

# കോവിഡ് കാലത്തെ മാനസ്സികാരോഗ്യം

ഈ വർഷത്തെ ലോക മാനസികാരോഗ്യ ദിനം ഒക്ടോബർ മാസം പത്താം തീയതി ആചരിക്കുകയാണ്. കോവിഡ് മഹാമാരി വീട്ടിൽ തടവുകാരാക്കിയ ലക്ഷക്കണക്കിനു ജനങ്ങളെ കഴിഞ്ഞ 20 മാസമായി ബാധിച്ചിരിക്കുന്ന ഗുരുതര പ്രശ്നങ്ങളാണ് മാനസ്സിക സംഘർഷവും ഉത്ക്കണ്ഠയും, വിഷാദ രോഗവും. കോറോണയെ നിയന്ത്രിക്കുന്നതിന് നടപ്പിലാക്കിയ ലോക്ഡൗൺ, നിർബ്ബന്ധിത ക്വാറന്റൈൻ മുതലായവ ജനങ്ങളുടെ സ്വാഭാവിക ജീവിതത്തെ മാറ്റി മറിച്ചു. വീട്, വാഹനം, ഓഫീസ് ആയി വ്യവസ്ഥ ചെയ്തിരുന്ന ജീവിതത്തിന്, വർക്ക് ഫ്രം ഹോം, കുട്ടികളുടെ ഓൺലൈൻ പഠനം, താൽക്കാലികമായ തൊഴിലില്ലായ്മ, കുടുംബാംഗങ്ങൾ, ഉറ്റ സുഹൃത്തുക്കൾ, സഹപ്രവർത്തകർ എന്നിവരുമായി അകന്നു കഴിയുക തുടങ്ങി ഒത്തു പോവാൻ പറ്റാത്ത സാഹചര്യങ്ങളെ അഭിമുഖീകരിക്കേണ്ടി വന്നു. ഇതോടൊപ്പം രോഗ ഭീതിയും കോവിഡ് മൂലം അകാലത്തിൽ പൊലിഞ്ഞ ഉറ്റവരെക്കുറിച്ചുള്ള വേദനയും കൂടിയായപ്പോൾ പലരും മാനസ്സികമായി തളർന്നു.

ഇത്തരം അപ്രിയ സത്യങ്ങളെ നേരിടാൻ ചില തയ്യാറെടുപ്പുകൾ അനിവാര്യമാണ്. കോവിഡ് സംബന്ധമായ യാഥാർഥ്യങ്ങൾ വിശ്വസനീയമായ കേന്ദ്രങ്ങളിൽ നിന്നും മനസ്സിലാക്കി ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കുക. ഇ-സഞ്ജീവനി പോലുള്ള സർക്കാരിന്റെ ആരോഗ്യരക്ഷാ സംവിധാനങ്ങൾ ഉപയോഗിച്ചു സമയാസമയം രോഗനിർണ്ണയവും ചികിത്സയും നേടുക. മാറിയ സാഹചര്യങ്ങൾക്കനുസരിച്ചു ജീവിതം ചിട്ടപ്പെടുത്തുക. ദിവസേന കൃത്യസമയത്തുണരാനും ഉറങ്ങാനും ശീലിക്കുക. ശരിയായ വ്യക്തി ശുചിത്വം പാലിച്ചു രോഗത്തെ പ്രതിരോധിക്കുക, സമയബന്ധിതമായി മിതവും ആരോഗ്യകരവുമായ ഭക്ഷണം കഴിക്കുക, വിശ്രമവും, വ്യായാമവും, ജോലിയും സമയത്തിനൊത്തു ക്രമീകരിക്കുക, ഇഷ്ട വിനോദങ്ങളിൽ ഏർപ്പെട്ടു എപ്പോഴും സന്തോഷത്തോടെ ഇരിക്കാൻ ശ്രദ്ധിക്കുക. അനാരോഗ്യകരമായ മാധ്യമ വാർത്തകൾ ഒഴിവാക്കുക, സോഷ്യൽ മീഡിയ, ഫോൺ മുഖേന അടുപ്പമുള്ളവരെ സ്ഥിരമായി ബന്ധപ്പെടുക, സ്നേഹാന്വേഷണങ്ങൾ പങ്കുവയ്ക്കുക. മദ്യം, മയക്കു മരുന്ന്, പുകവലി തുടങ്ങിയ അനാരോഗ്യ ശീലങ്ങൾ ഒഴിവാക്കി യോഗ, ധ്യാനം, സദ്വർത്തമാനം എന്നിവയിൽ ശ്രദ്ധിക്കുക. ടീവി, കമ്പ്യൂട്ടർ, മൊബൈൽ ഉപയോഗം എന്നിവ നിയന്ത്രിക്കുക. ഒന്നിലും അടിമപ്പെടാതിരിക്കുക. സോഷ്യൽ മീഡിയയിലെ സൗഹൃദ കൂട്ടായ്മ ഫലപ്രദമായി ഉപയോഗിക്കുക. മാനസികാരോഗ്യം നഷ്ടപ്പെടുന്ന സ്ഥിതിയിലെത്തുമ്പോൾ ദുരഭിമാനം മാറ്റിവച്ചു അടിയന്തിര ഉപദേശവും ചികിത്സയും തേടുക.

ഇക്കാലത്തു മാനസ്സിക സംഘർഷം താങ്ങാനാവാതെ ആത്മഹത്യ ചെയ്തവരിൽ ശതകോടീശ്വരന്മാർ മുതൽ പാവപ്പെട്ടവർ വരെയുണ്ട്. കോവിഡ് മൂലം തൊഴിൽ, കച്ചവടം, കിടപ്പാടം, ബന്ധുജനങ്ങൾ എന്നിവ നഷ്ടപ്പെട്ട് മാനസ്സികനില തകർന്ന ധാരാളം പേർ നമുക്ക് ചുറ്റുമുണ്ട്. ഇവരെ ചേർത്തു പിടിച്ചു സാന്ത്വനമേകാനും കഴിയുന്ന സഹായം ചെയ്യാനും കുടുംബയോഗങ്ങളും, സാമൂഹ്യ സംഘടനകളും, റെസിഡെന്റ്സ് അസോസിയേഷനുകളും ചേർന്നുള്ള കൂട്ടായ ശ്രമം ഉണ്ടാകണം. സോഷ്യൽ ഫണ്ടിംഗ് നടത്തി യഥാർത്ഥ ആവശ്യക്കാരെ കണ്ടെത്തി ജീവനോപാധികൾ നൽകി ഈ ഘട്ടം തരണം ചെയ്യാം. ആരോഗ്യപ്രവർത്തകരും സർക്കാരും സുഹൃത്തുക്കളും നൽകുന്ന നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം കേട്ട് അതിജീവനത്തിന്റെ വഴിയിൽ തിരിച്ചെത്താം.

'Mental Health in an Unequal World' എന്നതാണ് ഇത്തവണത്തെ ലോക മാനസികാരോഗ്യ ദിനത്തിലെ പ്രതിപാദ്യവിഷയം. ആ വിഷയത്തെ അർത്ഥപൂർണ്ണമാക്കാൻ ഇത്തരം ജനോപകാര പദ്ധതികൾ ആവിഷ്കരിച്ചു ഈ മഹാമാരി തകർത്തെറിഞ്ഞ സമൂഹത്തിന് പുതു ജീവൻ നൽകാം.



സ്നേഹപൂർവ്വം
എം.ആർ. പ്രദീപ് (എഡിറ്റർ)
റിട്ട. ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളർ


Address :

*PHARMA FIRST*
*18/449, A-2, F1A*
*Marymatha Apartments*
*Piravom Road*
*Muvattupuzha-686661.*

Phone: +91 8289856081
+91 9446056081

editorial@pharmafirstconsulting.com
www.pharmafirstconsulting.com
pharmafirstconsulting
pharmafirst_consulting



For online purchases : www.pharmafirstonline.com
Subscription Desk : +91 8289856081
Advertisement Desk : +91 8848729596
enquiry@pharmafirstconsulting.com

Bank Details for Payment
Bank Name : Canara Bank
A/c No. : 0714201001346
IFSC No. : CNRB0000714
Branch : Muvattupuzha



DISCLAIMER :

The information and opinion presented in PHARMAFIRST reflect the views of the authors and not of PHARMAFIRST or its editorial board or the publisher.

"Neither PHARMAFIRST nor its publishers nor anyone else involved in creating or delivering PHARMAFIRST, assumes any liability or responsibility for the accuracy, completeness or usefulness of any information provided in this."



Editor, Printer & Publisher : M.R.Pradeep.
Layout & Design : Akhil Chandran
Today Graphics. kothamangalam

# COVID-19 CHAOS:

## Sudden cardiac death, A rising potential risk

## Part-4




Dr. Shan Sasidharan

Director, R&D

Pankajakasthuri Herbal Research Foundation, Thiruvananthapuram



## General advice to public: Contd

**Take proper rest:** Most doctors suggest that you stay isolated for another 7 days, especially now some studies have found that even if the symptoms disappear, the virus may still remain in your body. If possible take a week of complete rest after recovery. A well-rested body can focus on natural healing process after viral infection. Get enough sleep because when you are sleeping, your body will speed up the recovery process. Too much work, stress and anxiety will make you ill.

**Exercise consistently:** The COVID-19 pandemic is an unprecedented time all across the world. Worldwide, extensive social distancing policies are put into place, restricting people's daily activities and worldwide please from governments asking people to stay safe and stay at home. During the COVID-19 pandemic it is even more important for all people to be physically active. There are many benefits of physical activity. These include:

- Strengthening and maintaining your immune system - being less susceptible to infections
- Reduces high blood pressure
- Weight management
- Reduces the risk of heart disease
- Reduces the risk of diabetes
- Reduces the risk of stroke
- Improves bone and muscle strength
- Improves flexibility
- Improves fitness
- Improves mental health
- Reduces the risk of depression
- Improves overall feeling of well-being

After infection, exercising might be troublesome in case you're recovering, and your body is weak, however, gradually bringing it to your everyday schedule will make you both physically and mentally healthy. Daily practice of Yogasana, Pranayama and Meditation, as much as health permits, highly benefits your body.

**Have a healthy and nutritious eating routine:** Another fundamental practice is to have nutrient and supplement rich meal regimen to help speeding the recovery. Coronavirus opens the body to a ton of stress and the medicines can likewise debilitate your body. Thus, try to have a well-organized eating regimen loaded with organic products, vegetables, eggs and safe poultry to compensate for the lost appetite.

- Take adequate protein rich food. A protein-rich diet can help repair damaged tissues of lungs. It makes up for the muscle loss-weakness that occurred during the COVID infection, and also boosts the immune system. Include a portion of protein-rich foods, like pulses, legumes, peanuts, milk, cheese, soy, eggs, fish and chicken, in each meal. People with kidney ailments, need to consult before raising their protein intake.

- Include more fiber rich food in your daily diet.

- Take plenty of fluids in luke warm condition. Our body tends to lose a lot of fluid due to the infection and fever. It is necessary to cover up the loss by taking excess liquids.

- Fruits like orange, sweet lime, apple, guava, kiwi, papaya etc. help to increase hydration, and improve digestion. Pay more attention to citrus fruits which are rich in vitamin C.

**Focus on alarming signals shown by your body, if any:** Whether it is a pestering headache or an episode of fatigue, it is essential to focus on any noticeable signs that your body isn't approving the post-COVID situation. Stay in constant touch with your doctor if any such issues crop up in the post-recuperation period.

## In case of people with co-morbidities:

Special care needs to be taken of patients who are diabetic, because during the treatment of COVID they are subjected to steroids that tend to increase the sugar levels. Hence, after getting cured once such patients go back to their normal eating habits, they can end up in hospitals again. In fact, a patient needs to be regularly in touch with doctors if he suffers from co-morbidities like hypertension, diabetes, cardiovascular diseases or renal failure. Any sign of breathlessness or confusion should not be taken lightly, just because you have tested negative. Also take regular medications and blood testing's/other testing including ECG, Echo for the peoples who are having the co-morbidities or have a family history of co-morbidities.

## Pay special attention to your vital organ:

COVID-19 can cause acute myocardial injury and chronic damage to the cardiovascular system often in severe cases, because of the systemic inflammatory response, immune system disorders. In fact, all the vital organs - like kidneys, brain, liver, lungs - get inflammatory response. Hence one needs to be in touch with their doctor once every fortnight, even after getting cured." Taking proper natural blood thinning agent like ginger either in fresh or dry form daily will surely help to keep your heart healthy. As an alternative, you could also rely on ZingiVir-H, Ayurvedic medicine containing natural blood thinning agents (after consulting with Ayurvedic medical professionals) in order to keep your heart healthy.

**Boost our immunity:** Corona infection will drastically affect our immunity. The best way to fight off this condition is to maintain stable immunity levels. There are a variety of fruits and vegetables you could include in your diet to ensure that your immunity is sustained. As an alternative, you could also rely on medicinal supplements (after consulting appropriate medical consultation) that boost the level of Vitamin D, Vitamin A, and Vitamin C, along with protein and zinc. Further you can rely on natural fruits and vegetables rich with vitamins and minerals for boosting our immune system. These vitamins and minerals help build a robust immune system. You can also rely on Ayurveda products that also help in boosting the immunity

# LAWS RELATED TO ADVERTISEMENTS





**Dr. P.K. Sreekumar.M.Pharm,Ph.D**
(Deputy Drugs Controller, Kerala (Rtd)

Advertising Standards Council of India (ASCI) is a voluntary self - regulatory council, formed in 1985 with the Overarching Goal of ASCI to maintain and enhance the public's confidence in advertising and the team comprises of Board of Governors and Consumer Complaints Council (CCC). Various sections connected with advertising are :

1. Advertisers
2. Advertising Agencies
3. Media (owners of press, television, Radio etc.)
4. Related sectors (outdoor agencies, PR, market researchers, Ad producers, business schools etc.)

The various sectors come together & agree to voluntarily comply with a set of guidelines or rules ie the code to protect the consumer interest and ensure fair play amongst competitors. In a broader aspects the principles are :

- To ensure the truthfulness and honesty of representations and claims made by advertisements and to safeguard against misleading advertisement.
- To ensure that advertisements are not offensive to generally accepted standards of public decency.
- To safeguard against the indiscriminate use of advertising for the promotion of products which are regarded as hazardous

to society or to individuals to a degree or of a type which is unacceptable to society at large.

- To ensure that advertisements observe fairness in competition so that the consumer's need to be informed on choices in the marketplace and the canons of generally accepted competitive behaviour in business are both served.

## THE IMPORTANT LAWS THAT RELATES ADVERTISING IN INDIA ARE

1. Cable Television Network Act
2. Drugs and Cosmetics Act
3. Drugs Price Control Act,
4. Drugs and Magic Remedies (Objectionable Advertisements) Act,
5. Emblems and Names (Prevention of Improper Use) Act
6. Copyright Act
7. Trademarks Act
8. Patents Act – Introduction to Intellectual Property Right
9. Indecent Representation of Women (Prohibition) Act

## CABLE TELEVISION NETWORK ACT

No advertisement which violates the code for self-regulation in advertising, as adopted by the code by the Advertising Standards Council Of India (asci), mumbai, of public exhibition in india, from time to time, shall be carried in the cable service.

## NO ADVERTISEMENT SHALL BE PERMITTED WHICH:-

1. Derides any race, caste, color, creed and nationality;
2. Is against any provision of the constitution of India;
3. Tends to incite people to crime, cause disorder or violence, or breach of law or glorifies violence or obscenity in any way;
4. Presents criminality as desirable;
5. Exploits the national emblem, or any part of the constitution or the person or personality of the national leader or a state dignitary;

## NO ADVERTISEMENT SHALL BE PERMITTED

1. Which projects a derogatory image of women.
2. Women must not be portrayed in a manner that emphasizes passive, submissive qualities and encourages them to play a subordinate, secondary role in the family and society.
3. Portrayal of the female form, should be tasteful and aesthetic, and within the well established norms of good taste and decency;
4. Exploits social evils like dowry, child marriage;
5. Promotes directly or indirectly production, sale or consumption of Cigarettes, tobacco products, wine, alcohol, liquor or other intoxicants;

"Provided that a product that uses a Brand name or Logo which is also used for cigarettes, tobacco products, wine, alcohol, liquor or other intoxicants, may be advertised on cable service subject to the following conditions that:-

The story board or visual of the advertisement must depict only the product being advertised and not the prohibited products in any form or manner;

## DRUG AND COSMETICS ACT 1940 AND RULES 1945

The Act regulates the import into, manufacture, distribution and sale of drugs and cosmetic in the country. The Act was amended to impose more strict penalties for manufacture and sale of adulterated or spurious drugs or drugs not of standard quality which are likely to cause death or grievances hurt to the user, Cosmetics included toilet soap as it may contain harmful ingredients. The competent like gelatin was also included in the definition of "drug."Patent




and proprietary medicines included Ayurveda, Siddha or Unani systems of medicines. The Central Government is empowered to prohibit import of manufacture of drugs and cosmetics if it is harmful to humans as well as animals. Any person with license has to maintain records and other documents and to produce them when required. Inspectors are empowered to stop and search any place or vehicles stocking or carrying drugs & cosmetics if an offence under the Act is being committed. The quantum of punishment was also enhanced for the offences under the Act by the Ammendment in 2008. The Technical Advisory Board will have representatives or experts in Ayurvedic, Siddha and Unani systems of medicine.

Rule-106-Label of the drug cannot have anything which

1. Purport or claim to prevent
2. Suggest or convey that it may prevent or cure any disease specified in Schedule J

## THE DRUG & MAGIC REMEDIES (OBJECTIONABLE ADVERTISEMENT) ACT 1954

This is an act to control the advertisement of drugs in certain cases, to prohibit the advertisement for certain purposes of remedies alleged to possess magic qualities and to provide for matters connected herewith According to the Act "Magic Remedy" includes a talisman mantra, kavacha and any other charm of any kind which is alleged to possess miraculous powers for or

in the diagnosis, cure mitigation, treatment or prevention of any disease in human beings or animals

Subject to the provisions of this Act, no person shall take part in the publication of any advertisement relating to a drug if the advertisement contains any matter which directly or indirectly gives a false impression regarding the true character of the drug makes a false claim for the drug is otherwise false or misleading in any particulars. No person shall import into and export from India, certain advertisements referred to Sections 3 and 4 and which has been prohibited. No person shall take any part in the publication of any advertisement referring to any drugs in terms which suggest or are calculated to lead to the use of that drug for:

1. The miscarriage in women or prevention of conception in women
2. The maintenance or improvement of the capacity of human being for sexual pleasures
3. The correction of menstrual disorder in women
4. The diagnosis, cure mitigation, treatment or prevention of any disease, disorder or condition specified in the schedule or which is specified in the rules


## DRUGS (PRICE CONTROL) ORDER 2013

With the objective to improvise and endow with the basic health care and availability of basic medicines at an affordable price across the country, the Department of Pharmaceuticals, Ministry of Chemicals and Fertilizers, notified the Drug (Prices Control) Order 2013("DPCO 2013") in May 2013, which may fluctuate the pricing of 348 essential medicines. Prior to the 2013 regime, the DPCO 1995 included 74 bulk medicines within its ambit and the pricing of the drugs were fixed on the basis of manufacturing costs declared by the drug manufacturers. The DPCO 2013 empowers the National Pharmaceutical Pricing Authority ("NPPA") to regulate prices of 348 essential drugs. As per the new DPCO 2013, all strengths and dosages specified in the National List of Essential Medicines (NLEM) will be under price control. Para 2(i) of the DPCO 2013 defines the term "Formulation" as a medicine processed out of or containing one or more drugs with or without use of any pharmaceutical aids, for internal or external use for or in the diagnosis, treatment, mitigation or prevention of disease and, but shall not include –

i. any medicine included in any bonafide Ayurvedic (including Sidha) or Unani (Tibb) systems of medicines;
ii. any medicine included in the Homeopathic system of medicine; and
iii. any substance to which the provisions of the Drugs and Cosmetics Act, 1940 (23 of 1940) do not apply;

As per the DPCO 2013, "Scheduled formulation" means any formulation, included in the First Schedule whether referred to by generic versions or brand name. "Nonscheduled formulation" has been defined as a formulation, the dosage and strengths of which are not specified in the First Schedule.

Undoubtedly, the response to the new DPCO 2013 would always going to remain double coined as for the reason that whereas on one hand, it would prove as a boon to the common mass and would bring hopes to thousands of poor and needy ones who are usually deprived from the basic health care as the Government has assured of continued availability of medicines. it is worth appreciating that the Government has been prompt in taking initiatives and put further efforts to harmonize the benefit of both aspects i.e the maker of the drugs as well as the end-user of the drugs




# CODE OF MEDICAL ETHICS & GENERAL PRESCRIPTIONS

## Part-2

ശ്രീ. എൻ.എസ്. അലക്സാണ്ടർ, പാലാ

മുൻ ലക്കത്തിൽ സൂചിപ്പിച്ച ഉത്തരവുകൾ പാലിക്കാൻ സ്വകാര്യ മേഖലയിലെ ആരും തന്നെ തയ്യാറാകാതിരിക്കുകയും ഈ നടപടിക്കെതിരെ ആരുടെയെങ്കിലും പേരിൽ നടപടി സ്വീകരിക്കുവാൻ മെഡിക്കൽ കൗൺസിൽ വിമുഖത കാണിക്കുകയും ചെയ്ത സാഹചര്യത്തിൽ, ഏതാനും ഡോക്ടർമാർ ബ്രാൻഡഡ് മരുന്നുകളുടെ പേരിലെഴുതിയ കുറിപ്പടികളുടെ കോപ്പികൾ സഹിതം 04/07/2017 ന് ഈ വിഷയത്തിൽ നടന്ന കാര്യങ്ങൾ ഓർമ്മിപ്പിച്ചു കൊണ്ടും ഇക്കാര്യത്തിൽ ഇപ്പോഴുമുള്ള നിയമ ലംഘനങ്ങൾ ചൂണ്ടിക്കാട്ടിയും വീണ്ടും ഞാൻ സംസ്ഥാന മെഡിക്കൽ കൗൺസിലിന് പരാതി നൽകുകയും, നിയമം അനുസരിക്കാത്തവർക്കെതിരെ *Code of Medical Ethics* ലെ *Chapter 8* പ്രകാരമുള്ള അധികാരം ഉപയോഗിച്ച് നടപടിയെടുക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു.

**ഈ പരാതിയുടെ അടിസ്ഥാനത്തിൽ 22/09/2017 ന് മെഡിക്കൽ കൗൺസിലിന്റെ അച്ചടക്ക സമിതി യോഗം ചേരുകയും പഴയ തീരുമാനങ്ങൾ ആവർത്തിക്കുകയും ചെയ്തു. അതിനപ്പുറം ഒന്നും സംഭവിച്ചില്ല.**

അങ്ങനെ 2012 മുതലുള്ള രണ്ട് സർക്കാറുകളുടെയും കാലത്ത് ഈ വിഷയത്തിൽ ഞാൻ നടത്തിയ ***"ഒറ്റയാൾ യുദ്ധത്തിൽ-" DME, 12/09/2012*** – ന് പുറപ്പെടുവിച്ച ഉത്തരവു മാത്രമാണ് പൊതുജനങ്ങൾക്ക് ആശ്വാസമായത്.

***ഇനി വളരെ പ്രധാനപ്പെട്ട ചില കാര്യങ്ങൾ കൂടി വ്യക്തമാക്കട്ടെ:***

1. ലോക രാജ്യങ്ങളിൽ ഇന്ത്യയിൽ മാത്രമാണ് മരുന്നുകൾ ***Branded Name*** – ൽ കുറിക്കപ്പെടുന്നത്. മറ്റു രാജ്യങ്ങളിലെല്ലാം ജനറിക് നാമം നിർബന്ധമാണ്.

2. അതുപോലെ തന്നെ, മറ്റൊരു രാജ്യത്തും, പല മരുന്നുകൾ അടങ്ങിയ ***Combination drugs*** - അനുവദിക്കപ്പെട്ടിട്ടില്ല എന്നാണറിവ്.

3. കേരളം ആരോഗ്യകാര്യത്തിലും ആയുർദൈർഘ്യത്തിന്റെ കാര്യത്തിലും ഒന്നാമതാണ് എന്ന് ഇവിടെ ആരോഗ്യമേഖലയിലുള്ളവരെല്ലാം വീമ്പിളക്കുമ്പോത്തന്നെ, ആരോഗ്യകാര്യത്തിൽ, ജീവിത ശൈലീ രോഗങ്ങളായ കാൻസർ, പ്രമേഹം, ബിപി, ഉയർന്ന കൊളസ്ട്രോൾ ലെവൽ എന്നിവയുടെ ശതമാനക്കണക്കിലും ലോകത്തിൽ തന്നെ ഒന്നാമതാണ്. അതുകൊണ്ടുതന്നെ, ഇന്ത്യയിൽ ആകെ ഉൽപ്പാദിപ്പിക്കപ്പെടുന്ന കോടിക്കണക്കിനു രൂപാ വില വരുന്ന മരുന്നുകളിൽ 12 ശതമാനത്തിലധികം മരുന്നുകളും കേരള ജനതയാണ് കഴിച്ചു തീർക്കുന്നത്.

അതിൽ തന്നെ ***Self medication, irrational prescription***-എന്നിവ വഴി കൂടുതലായി ***Anti biotics*** ഉം കഴിക്കാൻ ഇടയാകുന്നു. ഇത് ഇപ്പോൾ തന്നെ ***Anti biotics Resistance*** എന്ന സ്ഥിതി വിശേഷത്തിന് ഇടയായിട്ടുണ്ട് എന്ന് റിപ്പോർട്ടുകളുണ്ട്. ഇതിൽ ***Combination Preparation*** ആണ് പ്രധാന കാരണം. ***Generic Prescription System*** നടപ്പിലാക്കിയാൽ ഈ സ്ഥിതി വിശേഷം ഒഴിവാക്കാം.

4. കേരളത്തിലുടനീളമുള്ള സർക്കാർ, സ്വകാര്യ മേഖലയിലെ ചെറുകിട വൻകിട ആശുപത്രികളിൽ ഒന്നിൽ പോലും വർഷത്തിലെ ഒരു ദിവസമെങ്കിലും ഒരു കിടക്ക പോലും ഒഴിവുണ്ടെന്ന് തോന്നുന്നില്ല. ആരോഗ്യം എന്നാൽ രോഗമില്ലാത്ത അവസ്ഥ ആയിരിക്കേ കേരളം അനാരോഗ്യത്തിന്റെ കാര്യത്തിൽ ഒന്നാമതാണ് എന്നാണ് ഈ വസ്തുത തെളിയിക്കുന്നത് എന്ന് ഞാൻ പറഞ്ഞാൽ, ***Anti biotics***-ന്റെ ഗുണങ്ങളെ പറ്റിയും കേരളത്തിന്റെ മെച്ചപ്പെട്ട ആരോഗ്യ സ്ഥിതിയെപ്പറ്റിയും പ്രഘോഷണം നടത്തുന്നവർ നെറ്റിചുളിച്ചിട്ട് കാര്യമില്ല.

5. കേന്ദ്ര സർക്കാരിലെ ആരോഗ്യ മന്ത്രാലയത്തിന് കീഴിലുള്ള ഡിപ്പാർട്ട്മെന്റ് ഓഫ് ഹെൽത്ത് ആൻഡ് ഫാമിലി വെൽഫെയർ ***No. X.11011/1/2017/DFQC dt. 01/10/2012***- പ്രകാരം പുറപ്പെടുവിച്ച ഉത്തരവ് അനുസരിച്ച് ഇന്ത്യയിലെ എല്ലാ ഔഷധ നിർമ്മാണ യൂണിറ്റുകളും സർക്കാർ നിശ്ചയിച്ച ***G.M.P*** സർട്ടിഫിക്കേഷൻ നേടേണ്ടതുണ്ട്. ഈ നിബന്ധനയും അതിനുള്ള മാനദണ്ഡങ്ങളും പാലിച്ചവ മാത്രമേ ഇപ്പോൾ പ്രവർത്തിക്കുന്നുള്ളൂ. ഇത് പാലിക്കപ്പെടാൻ സാധിക്കാത്തവരുടെ എല്ലാം ലൈസൻസ് റദ്ദാക്കപ്പെട്ടു. അതുകൊണ്ട് ഇപ്പോൾ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിലും ഓരോ വിഭാഗം ഔഷധങ്ങൾക്കും വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഒന്നു തന്നെ ആണ്. എങ്കിലും ഇടയ്ക്കിടെ കേരളത്തിൽ വ്യാപകമായി **"ചാത്തൻ കമ്പനികളുടെ"** മരുന്നുകൾ വിറ്റഴിക്കപ്പെടുന്നുണ്ടെന്ന് പറഞ്ഞ് ചില മാധ്യമ പ്രവർത്തകർ രംഗത്തിറങ്ങാറുണ്ട്. അവരുടേത് ആർക്കെങ്കിലും വേണ്ടിയുള്ള ***Paid Service*** ആണോയെന്ന് ആരെങ്കിലും സംശയിച്ചാൽ അവരെ കുറ്റം പറയാൻ സാധിക്കില്ല.

6. സർക്കാർ ഡോക്ടർമാരുടെ കുറിപ്പടികൾ പ്രകാരം ലഭിക്കുന്ന ജനറിക് മരുന്നുകൾ ഇന്ത്യയിലാകെ ജനൗഷധി സ്റ്റോറുകൾ വഴി വിൽക്കപ്പെടുന്നുണ്ട്. ഈ ജനറിക് മരുന്നുകൾ ഉപയോഗിച്ചിട്ട് ആർക്കെങ്കിലും എന്തെങ്കിലും പാർശ്വഫലങ്ങൾ ഉണ്ടായതായോ അസുഖം ഭേദമാകാതിരിക്കുന്നതായോ റിപ്പോർട്ടുകൾ കണ്ടിട്ടില്ല.

7. ***Multinational*** എന്നും ***Branded*** എന്നും അവകാശപ്പെടുന്ന നിർമ്മാതാക്കളുടെ ഉൽപ്പന്നങ്ങളും പരിശോധനയിൽ ചിലപ്പോഴെങ്കിലും ഗുണനിലവാരമില്ലാത്തവ ആയി കണ്ടെത്താറുണ്ട്.

8. കേരളത്തിലാകെ ജനറിക് മരുന്നുകൾ മാത്രം വിൽക്കുന്ന ഔഷധ വിപണന കേന്ദ്രങ്ങൾ സർക്കാരിന്റെ വകയായി ആരംഭിക്കുമെന്ന ഇക്കഴിഞ്ഞ സർക്കാറിലെ ആരോഗ്യമന്ത്രി പലവട്ടം പ്രസ്താവന ഇറക്കി എങ്കിലും ഒരെണ്ണമെങ്കിലും തുറന്നതായി അറിവില്ല. ഇനിയെങ്കിലും അവ ആരംഭിച്ചു കഴിഞ്ഞാൽ കേരളമാകെ പൊതുജനങ്ങൾക്ക് വളരെ ഉപകാരപ്രദമായിരിക്കും.

9. കേരളത്തിലെ ജില്ലാ കേന്ദ്രങ്ങളിൽ വ്യാപകമായിട്ടുള്ള ജനറിക് മരുന്നുകൾ മാത്രം വിൽക്കുന്ന, മൊത്തവ്യാപാര ശാലകളിലെ മരുന്നുകൾ ഭൂരിഭാഗവും വാങ്ങുന്നത് സ്വന്തമായി ക്ലിനിക്കുകളും ആശുപത്രികളും നടത്തുന്ന ഡോക്ടർമാരാണെന്നത് ഒരു വസ്തുതയല്ലേ?

10. " ചെറുകിട " എന്ന് ഡോക്ടർമാർ വിശേഷിപ്പിക്കുന്ന കമ്പനികളിൽ തന്നെ വൻകിട കമ്പനികൾ അവരുടെ മരുന്നുകൾ കോൺട്രാക്റ്റ് അടിസ്ഥാനത്തിൽ വ്യാപകമായി ഉല്പാദിപ്പിക്കുന്നുണ്ട്.

11. ജനറിക് മരുന്നുകളും ബ്രാൻഡഡ് മരുന്നുകളും തമ്മിലുള്ള മത്സരത്തിലൂടെ മാത്രമേ മരുന്നുകളുടെ വിലക്കുറവ് ഉറപ്പാക്കാൻ സാധിക്കു എന്ന് ലോകാരോഗ്യസംഘടന തന്നെ വ്യക്തമാക്കിയിട്ടുണ്ട്.

12. ജനറിക് മരുന്നുകളും ബ്രാൻഡഡ് മരുന്നുകളും തമ്മിൽ ഗുണമേന്മയുടെ കാര്യത്തിലോ ചികിത്സാഫലത്തിന്റെ കാര്യത്തിലോ യാതൊരു വ്യത്യാസവുമില്ലെന്നത് ലോകമാകെ അംഗീകരിക്കപ്പെട്ട വസ്തുതയാണ്.

13. ജൻഔഷധി സ്റ്റോറുകൾ വഴി വില്ക്കുന്ന മരുന്നുകളുടെ ഓരോ ബാച്ചും സർക്കാർ സംവിധാനം തന്നെ പരിശോധിച്ച് ഗുണ നിലവാരം ഉറപ്പാക്കിയ ശേഷം മാത്രമാണ് വിപണനം ചെയ്യുന്നത്.

14. ഡോക്ടർമാർ ജനറിക് നാമത്തിൽ മാത്രം മരുന്നുകൾ കുറിക്കുകയും അങ്ങനെ അവയുടെ ഉപയോഗം വ്യാപകമാകുകയും ചെയ്യുന്നതോടുകൂടി ബ്രാൻഡഡ് കമ്പനികളും അവരുടെ മരുന്നുകളുടെ വില കുറയ്ക്കാൻ നിർബന്ധിതരായിത്തീരും.

15. ***Multi national, Branded*** തുടങ്ങിയ ലേബലുകളിൽ

അറിയപ്പെടുന്ന കമ്പനികൾ തന്നെ, അവരുടെ ***Branded*** മരുന്നുകൾ ഉൾക്കൊള്ളുന്ന അതേ ***Molecules***-അവയെക്കാൾ വളരെ കുറഞ്ഞ വിലയിൽ ജനറിക് നാമങ്ങളിൽ ഉൽപാദിപ്പിച്ച് വിതരണം ചെയ്യുന്നുണ്ട്.

**16.** അന്യ രാജ്യങ്ങളിൽ ജോലിചെയ്യുന്ന ഇന്ത്യക്കാരായ ഡോക്ടർമാർ അവിടങ്ങളിലും ഇന്ത്യയിലും നിലവിലുള്ളതും ഇന്ത്യയിൽ അനുസരിക്കപ്പെടാത്തതുമായ അതേ നിയമമനുസരിച്ച് യാതൊരു മടിയുമില്ലാതെ ജനറിക് മരുന്നുകൾ അവിടെ കുറിക്കാറുണ്ട്. വിദേശരാജ്യങ്ങളിൽ വിറ്റഴിക്കപ്പെടുന്ന ജനറിക് മരുന്നുകൾ ഭൂരിഭാഗവും ഇന്ത്യയിൽ നിന്നും കയറ്റുമതി ചെയ്യപ്പെടുന്നവയാണെന്നും അറിയണം. ഇതേ നിലവാരത്തിലും ഗുണമേന്മയിലുമുള്ള ജനറിക് മരുന്നുകൾ തന്നെയാണ്, ഇന്ത്യയിൻ എമ്പാടും വിറ്റഴിക്കപ്പെടുന്നത്.

**17.** ഏതെങ്കിലും ഒരു കമ്പനി ഒരു പുതിയ മരുന്ന് ഗവേഷണങ്ങൾ നടത്തി കണ്ടുപിടിച്ച് അവയുടെ ക്ലിനിക്കൽ പരീക്ഷണങ്ങളും നടത്തി വിപണിയിലിറക്കി കഴിഞ്ഞ്, പ്രസ്തുത കമ്പനിക്കുള്ള പേറ്റന്റ് കാലാവധിയും കഴിഞ്ഞ ശേഷമാണ് മറ്റു കമ്പനികൾ അവയുടെ ഉൽപാദനം തുടങ്ങുന്നത്. അതുകൊണ്ട് മേൽസൂചിപ്പിച്ച വകയിലുള്ള ചിലവുകൾ, ജനറിക് കമ്പനികൾക്ക് ഉണ്ടാകുന്നില്ല. അതുപോലെ, ജനറിക് കമ്പനികൾക്ക് ഔഷധ വിപണിയിലെ ഒരു മാരണമായ ***Marketing Expenses***- ഉം ഉണ്ടാകുന്നില്ല. ***Packing Materials*** ചിലവ് കുറഞ്ഞതുമായിരിക്കും. ഈ കാരണങ്ങൾ മൂലമാണ് ഇവ ***Branded*** മരുന്നുകളെക്കാൾ വളരെ കുറഞ്ഞ വിലയിൽ വിൽക്കുവാൻ സാധിക്കുന്നത്. അല്ലാതെ മരുന്നിന്റെ അളവിലോ അവയുടെ ഗുണമേന്മയിലോ ഗുണനിലവാരത്തിലോ ബ്രാൻഡഡ് മരുന്നുകളുമായി യാതൊരു വ്യത്യാസവുമില്ല.

**18.** കേരളത്തിൽ, മെഡിക്കൽ സർവീസ് കോർപ്പറേഷൻ വഴി സർക്കാർ ആശുപത്രികളിൽ ലഭ്യമാകുന്ന മരുന്നുകൾ മുഴുവൻ തന്നെ ജനറിക്ക് വിഭാഗത്തിൽപ്പെട്ടവയാണ്. എന്നാൽ ഇതുമൂലം ആർക്കെങ്കിലും എന്തെങ്കിലും പാർശ്വഫലങ്ങളോ, ദുരനുഭവങ്ങളോ ഉണ്ടായതായോ അസുഖങ്ങൾ ഭേദമാകാതിരിക്കുകയോ ചെയ്തതായി റിപ്പോർട്ടുകൾ ഉണ്ടായിട്ടില്ല.

അതുകൊണ്ട്, ജനറിക് മരുന്നുകൾക്കെതിരെ വ്യാപകമായി തൽപ്പര കക്ഷികൾ നടത്തുന്ന അർത്ഥമില്ലാത്ത കുപ്രചാരണങ്ങളും പരോക്ഷമായി അവരെ പിന്തുണയ്ക്കാൻ എന്നവണ്ണം ഭരണാധികാരികൾ പാലിക്കുന്ന നിസ്സംഗ മനോഭാവവും ആരെ സഹായിക്കാൻ വേണ്ടി ആണെന്നും എന്തിനു വേണ്ടിയാണ് എന്നും നമ്മൾ മനസ്സിലാക്കണം.

അതുകൊണ്ട് ഈ വിഷയം പൊതുജനങ്ങൾ ഏറ്റെടുത്ത് തങ്ങൾക്ക് ഏറെ ഉപകാരപ്രദവും ചികിത്സാ ചിലവുകളുടെ കാര്യത്തിൽ ഉണ്ടാകുന്ന വൻ സാമ്പത്തിക ബാദ്ധ്യതയിൽ വലിയൊരളവിൽ കുറവുണ്ടാവുകയും, ആവശ്യമില്ലാത്ത മരുന്നുകൾ അമിത അളവിൽ കഴിച്ച് ആരോഗ്യസ്ഥിതി മോശമാകുകയും ചെയ്യുന്ന അവസ്ഥയിൽ നിന്ന് രക്ഷപ്പെടുന്നതിന് മേൽപ്പറഞ്ഞ നിയമം നടപ്പിലാകുമെന്നതിന് ഉറപ്പുള്ള നടപടികൾ സ്വീകരിക്കുകയും വേണം. ഈ വിഷയത്തിൽ ഈ നിയമം നടപ്പിലാക്കുന്നതിനെ എതിർക്കുന്ന ശക്തികളോടൊത്തുനിന്ന്, അവർക്ക് ഒത്താശ ചെയ്യുന്ന ഭരണാധികാരികൾ സ്വന്തം നിലയിൽ ഇതിനു വേണ്ടി മുൻകൈ എടുക്കും എന്ന് കരുതുന്നത് മൗഢ്യമായിരിക്കും.

അവസാനമായി ഒരു കാര്യം കൂടി വ്യക്തമാക്കട്ടെ:

മേൽ പ്രതിപാദിച്ച രീതിയിൽ കേരള ജനതയ്ക്കാകെ ഗുണകരവും പ്രയോജനപ്രദവും ആകുമെന്നുള്ളതുകൊണ്ട് മാത്രമാണ് 2012 മുതലുള്ള കഴിഞ്ഞ ഇത്രയും ദീർഘകാലം ഞാൻ വിവരിച്ച രീതിയിലുള്ള ഒറ്റയാൾ പോരാട്ടം നടത്തിയത്. അതല്ലാതെ എനിക്ക് എതെങ്കിലും ജനറിക് മരുന്ന് ഉൽപാദകരുമായോ വിപണന സ്ഥാപനമായോ ഏതെങ്കിലും തരത്തിലുള്ള ബന്ധങ്ങളും കടപ്പാടുകളും ഇല്ലെന്ന് ഇതിനാൽ അറിയിക്കുന്നു. ഈ നീക്കത്തെ എതിർക്കുന്നവർ ഏതുവിധത്തിലുള്ള കുപ്രചാരണങ്ങൾക്ക് മുതിരുകയും ചിലരെങ്കിലും അത് വിശ്വസിക്കുകയും ചെയ്തേക്കാം. അതുകൊണ്ട് മാത്രമാണ് ഈ വിശദീകരണം കൂടി ഉൾപ്പെടുത്തുന്നത്.

**കുറിപ്പ്**

കേരള സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥനായി വിരമിച്ച ശ്രീ. എൻ. എസ്. അലക്സാണ്ടർ, പൊതുസമൂഹത്തെ ബാധിക്കുന്ന നിരവധി പ്രശ്നങ്ങളിൽ നിയമപോരാട്ടം നടത്തി അധികാര കേന്ദ്രങ്ങളുടെ വിവേചനത്തെയും നിസ്സംഗതയേയും തുറന്നു കാണിച്ചിട്ടുണ്ട്.

നിയമാനുസൃതം ജനറിക് നാമത്തിലെഴുതേണ്ട മരുന്നുകൾ ബ്രാൻഡ് നാമത്തിലെഴുതുന്നതിനെതിരെ അദ്ദേഹം നടത്തിയ ഒറ്റയാൾപ്പോരാട്ടമാണ് ഇവിടെ വിവരിച്ചത്

# PHARMA QUIZ

Dr. Swathy Pradeep. Pharm D

1. Name a weak opium derivative, narcotic used to treat dry cough ?
2. Give the Chemical name of the popular Analgesic-Antipyretic Paracetamol ?
3. Name a safe non steroidal anti-inflammatory drug used as a Cox-2 inhibitor ?
4. Name the alkaloid useful to treat migraine along with ergotamine ?
5. What is the name given to drugs that act on the brain to suppress appetite ?
6. Name the cells which control body movement or motor function ?
7. Name the drugs used to treat Huntington's disease or tardive dyskinesia, a movement disorder ?
8. Name a second-generation serotonin blocker used for the prevention and treatment of nausea and vomiting ?
9. Name two Benzodiazepine anticonvulsants that are metabolised into active metabolites ?
10. Name a narcotic analgesic which is 100 times stronger than morphine used in surgery ?

**Answers @ Page 16**

M.R.Pradeep.M.Pharm.





# STABILITY STUDIES OF PHARMACEUTICAL PRODUCTS IN INDUSTRY

## EXPIRATION DATE/SHELF LIFE

An expiration date is defined as the time upto which the product will remain stable when stored under recommended storage conditions. Thus, an expiration date is the date beyond which it is predicted that the product may no longer retain fitness for use. If the product is not stored in accordance with the manufacturer's instructions, then the product may be expected to degrade more rapidly.

Shelf life is the time during which the product, if stored appropriately as per the manufacturer's instructions, will retain fitness for use (>90% of label claim of potency).

The expiration date is also defined as the date placed on the container/labels of a drug product designating the time during which a batch of the product is expected to remain within the approved shelf life specifications, if stored under defined conditions and after which it should not be used.

## ESTIMATION OF SHELF LIFE

The shelf life is determined from the data obtained from the long term storage studies. The data is first linearized and test for goodness of fit is applied.

For determination of significance of difference in case of slope or intercept, statistical tests like t-test should be applied. The data is available in the form of only five data points i.e. 0, 3, 6, 9 and 12 months, either pooled from the three batches or from the three individual batches if they are not fit for pooling. In case data is not fit for pooling, stability estimates are to be made on the worst batch.

The shelf life/expiry date is determined from the regression line of this five point data based on calculation of 95% one-sided confidence limit. For reading the expiry date, 90% drug concentration is considered as the lowest specification limit and the point where the extension line cuts the 95% confidence limit line is taken as an expiry date.

Because shelf life derived from the intersection of the lower 90% confidence bound and 90% potency value has a 95% confidence level, therefore there is only a 5% chance that our estimate of the shelf life will be too high.

For new drugs, it is a general practice to grant only two-year expiry initially, which is based on satisfactory one year long-term and 6 months accelerated stability data. The expiry date for third and later years is allowed only on production of real-time data for the subsequent years.

Most pharmaceutical products are characterized by only one shelf life. However, in some cases a product may have two e.g. a freeze-dried (lyophilized) protein product may have only 1 shelf life, say 2 years, for the product stored in the dry condition and a 2nd shelf life, say 2 days, for the product when it has been reconstituted with the appropriate vehicle and is ready for injection.

## CONFORMANCE PERIOD

The conformance period is determined from the intersection of the lowest (or highest) acceptable value of the stability parameter and the 95% confidence bound of the regression line. Shelf life assigned to a product is equal to, or less than, the. conformance period and is usually a convenient rounded off number (e.g. 7 days, 1 month, 1 year, 18 months, or 2, 3, or 5 years). e.g. if for 3 separate pharmaceutical products we obtained conformance periods of 13.2, 26.1 and 39.4 months, we would probably assign shelf lives of 12, 24 and 36 months to the 3 products. The difference between conformance period and the assigned shelf life is that conformance period provides an extra stability reserve

*To be continued.*

## നിങ്ങളുടെ ഔഷധ സംബന്ധമായ സംശയങ്ങൾക്ക് എഴുതുക.

To,
The Editor, Pharma First
1st Floor, Marymatha Apartments, Piravom Road,
Muvattupuzha-686661. editorial@pharmafirstconsulting.com

# Ask The Master

***Q.1*** **ഞാൻ ഒരു റീട്ടയിൽ മെഡിക്കൽ ഷോപ്പ് നടത്തി വരികയാണ്. അതിന്റെ ബോർഡിൽ ഡ്രഗ്സ് സ്റ്റോർ എന്ന് പേരെഴുതുന്നതു നിയമപ്രകാരം തെറ്റാണെന്നു ഒരു ഫാർമസിസ്റ്റ് പറയുന്നു. മിക്ക ചില്ലറ വിൽപ്പന നടത്തുന്ന മരുന്നു കടകളും ഇങ്ങനെ എഴുതിയിട്ടുണ്ട്. അതിൽ എന്താണ് തെറ്റായിട്ടു വരുന്നത് ?**

**മാത്യു ചെറിയാൻ, കുണ്ടറ, കൊല്ലം.**

***Ans.*** 1945 മുതൽ പ്രാബല്യത്തിലുള്ള ഔഷധ നിയന്ത്രണ ചട്ടം 64 പ്രകാരം ചില നിബന്ധനകൾ കടകളുടെ ബോർഡുകൾ വയ്ക്കുന്നതിലും ഏർപ്പെടുത്തിയിട്ടുണ്ട്. അതനുസരിച്ചു ചട്ടം 64 (1) ൽ വിശദമാക്കിയ കാര്യമാണിത്. ഫാർമസി/ഡിസ്പെൻസിങ് കെമിസ്റ്റ് /ഫാർമസ്യൂട്ടിക്കൽ കെമിസ്റ്റ് തുടങ്ങിയ പേരുകൾ മരുന്നുകൾ ഡിസ്പെൻസ് അല്ലെങ്കിൽ ചെറിയതോതിൽ നിർമ്മിച്ചു വേറെ പാത്രത്തിലാക്കി കൊടുക്കുന്ന പ്രക്രിയ ചെയ്യുന്ന, അതിനായി ഡിസ്പെൻസിങ് അനുവാദം വാങ്ങിയ സ്ഥാപനങ്ങൾക്ക് മാത്രം ഉപയോഗിക്കാൻ പറ്റുന്നവയാണ്.

കെമിസ്റ്റ് ആൻഡ് ഡ്രഗ്ഗിസ്റ്റ്/ മെഡിക്കൽ ഷോപ്പ് തുടങ്ങിയ പേരുകൾ റീട്ടയിൽ ഷോപ്പുകൾക്കും ഡ്രഗ്സ് സ്റ്റോർ/ഫാർമസ്യൂട്ടിക്കൽസ് തുടങ്ങിയ പേരുകൾ മൊത്തവ്യാപാര സ്ഥാപനങ്ങൾക്കുമാണ് പൊതുവായി നിർദ്ദേശിച്ചിട്ടുള്ളത്. അതിന്റെ പേരിൽ എന്തെങ്കിലും നിയമപ്രശ്നങ്ങൾ ഇതുവരെ ഉണ്ടായതായി അറിവില്ല. ബോർഡിന് താഴെ റീട്ടയിൽ മൊത്ത വ്യാപാരികൾ എന്ന് വേണമെങ്കിൽ എഴുതി ഇത്തരം ആശയക്കുഴപ്പം ഒഴിവാക്കാം.

***Q.2*** **സോപ്പ് നിർമ്മാണത്തിന് കോസ്മെറ്റിക്സ് നിർമ്മാണ ലൈസൻസ് എടുക്കുമ്പോൾ അതേ സ്ഥലത്തു ആയുർവ്വേദ മരുന്നു ചേർത്ത ഹെയർ ഓയിൽ ഷാംപൂ എന്നിവയ്ക്കും ലൈസൻസ് ലഭിക്കുമോ? പ്രത്യേക ആയുർവ്വേദ മരുന്നു നിർമ്മാണ ലൈസൻസ് എടുക്കേണ്ടതുണ്ടോ ?**

**അബ്ദുൽ ജലീൽ എ, കുറ്റിപ്പുറം, മലപ്പുറം.**

***Ans.*** ഇതു മുൻപ് പലപ്പോഴും വിശദമാക്കിയിട്ടുള്ളതാണ്.

2020 ഡിസംബർ മാസം 15 മുതൽ പ്രാബല്യത്തിൽ വന്ന കോസ്മെറ്റിക്സ് റൂൾസ് പ്രകാരം, അതിൽ ഏഴാം പട്ടികയിൽ കാണിച്ചിരിക്കുന്നതനുസരിച്ച്, കാറ്റഗറി – സി – യിൽപ്പെടുന്ന (ഷാംപൂ, ഹെയർ ഓയിൽ) വസ്തുക്കൾ കോസ്മെറ്റിക്സ് ലൈസൻസ് പ്രകാരം നിർമ്മിക്കാവുന്നതാണ്. ആയുർവ്വേദ മരുന്നുകൾ ചേർന്നിട്ടുണ്ടെങ്കിൽ അതു സംബന്ധിച്ചു ലൈസൻസിങ് അതോറിറ്റി ആവശ്യപ്പെടുന്ന രേഖകളും സത്യവാങ്മൂലവും നൽകിയാൽ മതിയാകും. അതിനു വേണ്ടി പ്രത്യേക ആയുർവ്വേദ മരുന്നു നിർമ്മാണ ലൈസൻസ് എടുക്കേണ്ടതില്ല.

***Q.3*** **ഹോമിയോ മരുന്നുകൾ മൊത്തവ്യാപാരം നടത്തുന്നതിന് മുഴുവൻ സമയവും ഒരു ഹോമിയോ ഡോക്ടറെ നിയമിക്കേണ്ടതുണ്ടോ? അവിടെ മരുന്നുകൾ പൊട്ടിച്ചുകൊടുക്കുന്നില്ല. ചികിത്സയും ഇല്ല ?**

**ജനാർദ്ദനൻ പി, ചെട്ടികുളങ്ങര, മാവേലിക്കര.**

***Ans.*** 1945 ലെ ഔഷധവിൽപ്പന നിയന്ത്രണ ചട്ടങ്ങൾ, ഹോമിയോ മരുന്നുകളുടെ ചില്ലറമൊത്ത വില്പനയ്ക്കും ബാധകമാണ്. ചട്ടം 67 എ(1) പ്രകാരം ഹോമിയോ മരുന്നുവില്പന അതു ചില്ലറയായാലും, മൊത്തമായാലും ഒരു വിദഗ്ദ്ധന്റെ മേൽനോട്ടത്തിൽ മാത്രമായിരിക്കണം എന്നു വിവക്ഷിച്ചിട്ടുണ്ട്. അതിൽ ഒരു അംഗീകൃത യോഗ്യതയായാണ് ഹോമിയോ/ ഫാർമസി ബിരുദം/ ഡിപ്ലോമ പറയുന്നത്. മൂന്നാമതായി ഏതെങ്കിലും അംഗീകൃത ഡിഗ്രി നേടിയ ശേഷം കുറഞ്ഞത് ഒരു വർഷം ഒരു ഹോമിയോ ഡോക്ടറുടെ കീഴിലോ ഡ്രഗ്സ് ലൈസൻസുള്ള ഹോമിയോ മെഡിക്കൽ സ്റ്റോറിലോ ഉള്ള പ്രവർത്തി പരിചയവും യോഗ്യതയായി പറയുന്നു. അതിനാൽ സ്ഥിരമായി ഒരു ഡോക്ടറെ നിയമിക്കേണ്ട ആവശ്യം വരുന്നില്ല.

## Pharma Quiz Answers

1. Codeine
2. Acetaminophen
3. Celecoxib
4. Caffeine
5. Anorexiants
6. Nerve cells( Neurons)
7. VMAT2 inhibitors (Valbenazine/ Tetrabenazine)
8. Palonosetron
9. Diazepam and Clobazam
10. Fentanyl

# ഭക്ഷണങ്ങൾ രോഗപ്രതിരോധം തീർക്കുമോ?



**Dr. Jijith. U.S.**
Asst. Professor, College of Pharmaceutical Sciences
Govt. Medical College, Kozhikode.

നല്ല ഭക്ഷണം എന്നാൽ വലിയ ഭക്ഷണശാലകളിൽ നിന്ന് കഴിക്കുന്നതാണ് എന്നുള്ള ധാരണ മലയാളികൾക്ക് ഉള്ളതുകൊണ്ടാവണം ഭക്ഷണത്തിന് ഗുണത്തേക്കാൾ എറെ രുചിക്ക് നമ്മൾ പ്രാധാന്യം കൽപ്പിക്കുന്നത്. ഭക്ഷണം കഴിക്കുക എന്നതിലുപരി അതിൽ അടങ്ങിയ പോഷകങ്ങളെക്കുറിച്ച് നമ്മൾ ആരും ചിന്തിക്കാറില്ല. ജീവിതശൈലിയിലെ മാറ്റം വീടുകളിലെ ഭക്ഷണസമയത്തിലും ഭക്ഷണ രീതികളിലും പ്രതിഫലിച്ചിട്ടുണ്ട് എന്ന കാര്യത്തിൽ സംശയമില്ല. ഇന്ന് ഫാസ്റ്റ്ഫുഡുകളോടും രുചി തരുന്ന കൃത്രിമ ഭക്ഷണങ്ങളോടുമാണ് നമുക്ക് പ്രിയം. അത് കൊണ്ടാണ് നാടിന്റെ മുക്കിലും മൂലയിലും പാശ്ചാത്യ സംസ്കാരം വിളിച്ചോതുന്ന തട്ടുകടകളും വ്യാപകമായി കണ്ട് വരുന്നതും അവിടങ്ങളിലെ തിരക്കും. സമൂഹത്തിൽ വർദ്ധിച്ച് വരുന്ന അസുഖങ്ങൾ എന്തുകൊണ്ടാണ് എന്ന് ചിന്തിക്കുവാൻ പോലും നമുക്ക് സമയം കിട്ടാറില്ല. തിരക്ക് പിടിച്ച ക്ഷണികമായ ജീവിതത്തിൽ ഭക്ഷണത്തിൽ അടങ്ങിയ ഘടകങ്ങളെ കുറിച്ച് ചിന്തിക്കാതെ വാരിവലിച്ച് ഭക്ഷണം അകത്താക്കുന്ന രീതിയാണ് നമ്മൾ അനുവർത്തിച്ച് പോരുന്നത്. പലവിധ അസുഖങ്ങൾക്ക് വേണ്ടി ധാരാളം മരുന്ന് കഴിക്കുമ്പോഴും നമ്മുടെ പഴയ കാലത്തെ ഭക്ഷണ രീതിയെ കുറിച്ച് ചിന്തിക്കുവാൻ മറന്നു പോകുന്നു. നാം കഴിക്കുന്ന ഭക്ഷണത്തിലെ പോഷകങ്ങളുടെ കുറവും ചില ഘടകങ്ങളുടെ അധിക സാന്നിധ്യവുമാണ് അസുഖങ്ങളിലേക്ക് നയിക്കുന്നതും അവയെ ചെറുക്കുവാനുള്ള ശരീരത്തിന്റെ ശക്തിയെ ഇല്ലാതാക്കുന്നതും എന്ന കാര്യം ഇനിയെങ്കിലും നാം തിരിച്ചറിയണം. വാരിവലിച്ച് കഴിക്കുന്നതിനേക്കാൾ കൃത്യമായ ഇടവേളകളിലെ പോഷകസമൃദ്ധമായ ഭക്ഷണം ശീലമാക്കുന്നത് രോഗപ്രതിരോധ ശക്തി വർദ്ധി

പ്പിക്കുമെന്നും പല അസുഖങ്ങൾ ഇല്ലതാക്കും എന്നും വിവിധ പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. നിത്യേന കഴിക്കുന്ന ഭക്ഷണങ്ങളിൽ ശരീരത്തിന് ആവശ്യമായ വൈറ്റമിനുകൾ നാരുകൾ, മിനറൽസ് പ്രോബയോട്ടിക്കുകൾ, പ്രീബയോട്ടിക്കുകൾ, ആന്റി ഓക്സിഡന്റുകൾ, കാർബോഹൈഡ്രേറ്റുകൾ, ഫാറ്റുകൾ, പ്രോട്ടീൻ എന്നിവ അടങ്ങിയിട്ടുണ്ട് എന്നും അവയുടെ അളവ് ശരിയായ തോതിലാണ് എന്നും ഉറപ്പു വരുത്തേണ്ടത് ഓരോരുത്തരുടേയും ഉത്തരവാദിത്വമാണ്. ഇത്തരം പോഷക ഘടകങ്ങളുടെ അസാന്നിധ്യവും അളവിലെ വ്യതിയാനവും രക്തസമ്മർദ്ദം, ദഹന നാളത്തിൽ കണ്ടു വരുന്ന വിവിധ അസുഖങ്ങൾ, പൊണ്ണത്തടി, അതിറോസ് ക്ലീറോസിസ്, വിവിധ ക്യാൻസറുകൾ, കരൾ, കിഡ്നി സംബന്ധിയായ അസുഖങ്ങൾ, എല്ലുകൾക്ക് സംഭവിക്കുന്ന ബലക്ഷയം, പ്രമേഹം തുടങ്ങി നിരവധി അസുഖങ്ങളിലേക്ക് നമ്മേ എത്തിക്കുന്നു. ഇനി ഭക്ഷണത്തിൽ ഉൾപ്പെടുത്തേണ്ട പോഷക ഘടകങ്ങളെകുറിച്ച് വിശദമായി പരിശോധിക്കാം.

## വൈറ്റമിനുകൾ

ശരീരത്തിന് വളരെ ചെറിയ തോതിൽ എന്നാൽ അത്യാവശ്യം വേണ്ട ഘടകമാണ് വൈറ്റമിനുകൾ. ഇത്തരം വൈറ്റമിനുകൾ ശരീര പ്രവർത്തനങ്ങളിൽ അത്യന്താപേക്ഷിതമാണ്. ഇവയുടെ കുറവ് പല രോഗങ്ങളിലേക്കും നയിക്കും. ചില വൈറ്റമിനുകൾ ഭക്ഷണത്തിലൂടെ ലഭിക്കുകയും ചിലത് ശരീരത്തിൽ ഉൽപാദിപ്പിക്കുകയും ചെയ്യുന്നു. പ്രധാനമായും രണ്ടു വിഭാഗം വൈറ്റമിൻസ് ആണുള്ളത്. ഫാറ്റ് സോലൂബിൾ വൈറ്റമിൻസും വെള്ളത്തിൽ ലയിക്കുന്ന വൈറ്റമിൻസും. വൈറ്റമിൻ എ, ഡി, ഇ, കെ എന്നിവ ഫാറ്റ് സോലൂബിൾ വിഭാഗത്തിലുള്ളവയാണ്. ഇവ ശരീരത്തിൽ അധികമായാലും ശരീരത്തിന് ദോഷം ചെയ്യും. എപ്പിത്തീലിയൽ സെല്ലുകളുടെ പൂർണ്ണതയ്ക്കും കാഴ്ചയ്ക്കും ആവശ്യമായതാണ് വൈറ്റമിൻ എ. വൈറ്റമിൻ കെ രക്തം കട്ടപിടിക്കുന്ന പ്രക്രിയിൽ പ്രധാന പങ്കു വഹിക്കുന്നു. വൈറ്റമിൻ ഡി കാൽസ്യം ആഗിരണവുമായി ബന്ധപ്പെട്ടതും, എല്ല് ദ്രുവീകരണം തടയുകയും ചെയ്യുന്നു. ഇവയുടെ കുറവ് കൊണ്ട് റിക്കറ്റ്സ്, ഓസ്റ്റിയോ മലേഷ്യാ തുടങ്ങിയ അസുഖങ്ങൾ ഉണ്ടാക്കുന്നു. വൈറ്റമിൻ സി യും ബികോംപ്ലക്സും വെള്ളത്തിൽ ലയിക്കുന്ന വൈറ്റമിനുകൾക്ക് ഉദാഹരണമാണ്. ഇവ രക്താണുക്കളുടെ ഉൽപാദനത്തിലും, അപചയ പ്രവർത്തനത്തിലും, കോശങ്ങളുടെ രൂപീകരണത്തിലും പ്രധാന പങ്കു വഹിക്കുന്നു. വൈറ്റമിൻ സി യുടെ കുറവ് സ്കർവി, അസുഖം ഉണ്ടാക്കുന്നു. അത് പോലെ വൈറ്റമിൻ ബികോംപ്ലക്സുകളുടെ അഭാവം, പലൈഗ്ര, ബെറി ബെറി, വായിൽ ഉണ്ടാകുന്ന വൃണങ്ങൾ, രക്തക്കുറവ് എന്നിവയക്ക് കാരണമാകുന്നു.



## മിനറൽസ്

അയേൺ, സിങ്ക് ഫ്ളൂറൈഡ്, കാൽസ്യം, മഗ്നീഷ്യം, കോപ്പർ, സെലീനിയം, സോഡിയം, പൊട്ടാസ്യം, അയഡിൻ. ക്ലോറൈഡ് എന്നിവയാണ് ശരീരത്തിന് ആവശ്യമായ പ്രധാന മിനറൽസ്. എല്ലുകളുടെയും പല്ലുകളുടെയും രൂപീകരണത്തിലും അവയുടെ നിലനിൽപ്പിനും അതുപോലെ എൻസൈമുകളുടെയും ഞരമ്പുകളുടെയും, ചില ഗ്രന്ഥികളുടെ പ്രവർത്തനത്തിനും ഇവയുടെ സാന്നിധ്യം അത്യാവശ്യമാണ്. കൂടാതെ ശരീര ദ്രവത്തിലെ പ്രധാനപ്പെട്ട ഘടകം കൂടിയാണ് മിനറൽസ്.

കാർബോഹൈഡ്രേറ്റ്, ഫാറ്റ്സ്, പ്രോട്ടീൻ എന്നിവ കൂടുതൽ അളവിൽ ശരീരത്തിന് ആവശ്യമായ വസ്തുക്കൾ ആണ്. ഇതിൽ നിന്നാണ് ശരീരത്തിനാവശ്യമായ എനർജിയും ശരീരകോശങ്ങളുടെ വളർച്ചയ്ക്ക് ആവശ്യമായ ഘടകങ്ങളും ഉണ്ടാവുന്നത്. ഇവയുടെ അളവ് കുറഞ്ഞാലും കൂടിയാലും വിവിധ അസുഖങ്ങൾ വരുവാൻ സാധ്യതയുണ്ട്. പ്രോട്ടിനുകളുടെ ചെറിയ ഘടകമായ അമിനോ അസിഡുകൾ ചിലത് ശരീരത്തിൽ ഉൽപാദിപ്പിക്കുന്നുണ്ട്. എന്നാൽ ചിലത് നാം കഴിക്കുന്ന ഭക്ഷണത്തിലൂടെ മാത്രമേ ലഭിക്കുകയുള്ളു. മാംസാഹാരത്തിൽ നിന്ന് മാത്രമല്ല സസ്യ ആഹാരത്തിൽ നിന്നും പ്രോട്ടീനുകൾ നമുക്ക് ലഭിക്കുന്നു. ഉദാഹരണം പരിപ്പുകൾ, ധാന്യങ്ങൾ എന്നിവയിൽ നിന്ന്. അമിതമായ കൊഴുപ്പ് അടങ്ങിയ ഭക്ഷണം ഹൃദയ രക്തകുഴലുകളെ ബാധിക്കുന്ന അസുഖത്തിനും, ഫാറ്റിലിവർ പോലുള്ള അവസ്ഥയ്ക്കും കാരണമാകാറുണ്ട്. അതുപോലെതന്നെ കാർബോഹൈഡ്രേറ്റുകളുടെ അധിക ഉപയോഗം പ്രമേഹത്തിലേക്കും പൊണ്ണത്തടി എന്നിവയിലേക്ക് ശരീരത്തിനെ കൊണ്ട് എത്തിക്കും.

## പ്രോബയോട്ടിക്

നമ്മൾ കരുതും പോലെ എല്ലാ ബാക്ടീരിയകളും അസുഖങ്ങളുണ്ടാക്കുന്നവയല്ല. ഇത്തരത്തിൽ അസുഖങ്ങൾക്ക് കാരണമല്ലാത്ത നല്ല ബാക്ടീരിയകളെ പ്രോബയോട്ടിക് എന്ന് വിളിക്കുന്നു. ഇത്തരം പ്രോബയോട്ടിക്കുകൾ ഭക്ഷണത്തിലും മരുന്നുകളിലും ഡയറി സപ്ലിമെന്റുകൾ തുടങ്ങിയവയുടെ രൂപത്തിൽ ലഭ്യമാണ്. ലാക്ടോബാസില്ലസ് വിഭാഗത്തിൽപ്പെട്ടവയും ബൈഫിഡോ ബാക്ടീരിയം എന്നിവയും സാധാരണയായി പ്രോബയോട്ടിക്കായി ഉപയോഗിക്കാറുണ്ട്. എങ്കിലും ഈസ്റ്റ്, സാക്രോം മൈസസ്, സർവൈസ്റ്റൈ, ചില ഈ കോളികൾ എന്നിവയും പ്രോബയോട്ടിക്കായി ഉപയോഗിക്കുന്നുണ്ട്. ഇത്തരം ബാക്ടീരിയകൾ ഭക്ഷണങ്ങളുടെ ഫെർമെന്റേഷനിൽ പ്രധാന പങ്കുവഹിക്കുന്നു. ഇവയുടെ സാന്നിധ്യം വൈറ്റമിൻ കെ യുടെ ഉത്പാദനവും അതുപോലെതന്നെ കുടലിൽ വെച്ച് നടക്കുന്ന ദഹനത്തിനും അവയുടെ സഞ്ചാരത്തിനും, കുടൽ സംരക്ഷണത്തിനും ആവശ്യമാണ്. തൈര്, പാൽക്കട്ടി, ബീവറേജ്, കട്ടിത്തൈര് എന്നിവയിൽ ഇത്തരം ബാക്ടീരിയകൾ ഉണ്ട്. പ്രോബയോട്ടിക്കുകൾ ആന്റിബയോട്ടിക് ഉപയോഗ ഫലമായി ഉണ്ടാകുന്ന വയറിളക്കത്തെ ഇല്ലാതാക്കാൻ സഹായിക്കുന്നു. വിവിധ കുടൽ കാൻസറുകളെ പ്രതിരോധിക്കാനും. ഭക്ഷണം മൂലമുള്ള അലർജി കുറയ്ക്കുന്നതിലും, ഇൻഫെക്ഷൻസ്, ലിവർ സിറോസിസ് എന്നിവ കുറയ്ക്കുന്നതിലും രോഗപ്രതിരോധ പ്രവർത്തനത്തിലും ഇവക്ക് വലിയ പങ്കുണ്ട്. ഇവ ലോക്കൽ പി.എച്ച്. കുറച്ച് രോഗകാരികളായ ബാക്ടീരിയയുടെ വ്യാപനത്തെ തടയുകയും അതുപോലെതന്നെ ഇൻഫ്ളമേഷനിൽ വലിയ പങ്ക് വഹിക്കുന്ന സൈറ്റോകിനുകളെ ക്രമപ്പെടുത്തുന്നതിനും സഹായിക്കുന്നു. ഇവയുടെ വിവിധ അസുഖങ്ങൾ കുറക്കുന്നതിനുള്ള കഴിവിനെക്കുറിച്ച് പഠനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. അലിജിൻ, ബിയ്നെ, വിഭാക്ട് ഡാൻ ആസിവ്, ആക്ടിമേറ്റ് അസിഡോഫില്ലസ്, പ്രോലൈഫ്, യാകുളത്, നെസ്ലിടാ എന്നിവ മാർക്കറ്റിൽ ലഭ്യമായ പ്രോബയോട്ടികൾക്ക് ഉദാഹരണമാണ്.





## പ്രീ ബയോട്ടിക്കുകൾ

ശരീരത്തിന് ആവശ്യമായ ബാക്ടീരിയകളുടെ വളർച്ചയ്ക്ക് ആവശ്യമായ ചുറ്റുപാടുകൾ ഒരുക്കുന്ന സ്റ്റാർച്ചുകൾ അല്ലാത്ത ശരീര എൻസൈമുകൾക്ക് എളുപ്പം ദഹിപ്പിക്കുവാൻ കഴിയാത്തതും സാധാരണ ശരീരത്തിൽ ആഗിരണം ചെയ്യപ്പെടാത്തതുമായ പോളി സാക്കറൈഡ് വിഭാഗത്തിൽപ്പെട്ട പദാർത്ഥങ്ങളാണ് ഇവ. വെളുത്തുള്ളി, പഴം, വെള്ള വെങ്കായം, ഉള്ളി, ശതാവരിച്ചെടി, ഗോതമ്പ് തവിട്, ധാന്യങ്ങൾ എന്നിവയിലെല്ലാം പ്രീ ബയോട്ടിക്കുകൾ ഉണ്ട്. ഒളിഗോ ഫ്രക്ടോസ്, ഇന്നുലിൻ, ഗാലക്റ്റോ ഒലിഗോ സാക്രെയ്ഡ്, ലാക്ടുലോസ് എന്നിവ പ്രീബയോട്ടിക്കുകൾ ആണ്. മലബന്ധം കുറക്കാൻ ഉപയോഗിക്കുന്ന ലാക്ടുലോസ് കൃത്രിമമായി ഉണ്ടാക്കിയ പ്രീബയോട്ടിക്കാണ്. ഒലിഗ ഫ്രക്ടോസ് ഫെർമെന്റേഷൻ സംഭവിക്കുമ്പോൾ ബൈഫൈഡ് ബാക്ടീരിയകളുടെ എണ്ണം വർദ്ധിപ്പിക്കുകയും, കാൽസ്യം ആഗിരണത്തെ കൂട്ടുകയും, മലത്തിന്റെ ഭാരം വർദ്ധിപ്പിക്കുകയും ചെയ്യുന്നതുകൊണ്ടു അവയുടെ പുറംതള്ളൽ എളുപ്പമാക്കുന്നു. ഒളിഗോഫ്രക്ടസ് സാധാരണയായി ഗോതമ്പ്, ഉള്ളി, പഴം, തേൻ വെളുത്തുള്ളി, ലീക്സ് എന്നിവയിൽ ഉണ്ട്. ഇവ എൻസൈമുകളുടെ സഹായത്താൽ സുക്രോസിൽ നിന്നും ഉണ്ടാക്കാൻ കഴിയും. ബൈഫിഡോ ബാക്ടീരിയകൾ രോഗകാരികളായ ബാക്ടീരിയകളെ നശിപ്പിക്കുന്ന പദാർത്ഥങ്ങൾ ഉണ്ടാക്കുകയും, രക്തത്തിലെ അമോണിയ ലെവൽ കുറച്ചും, ശരീരത്തിന് ആവശ്യമുള്ള എൻസൈമുകളും അതുപോലെ വൈറ്റമിനുകളുടെയും ഉത്പാദനത്തിലും ഇവ പ്രധാന പങ്കുവഹിക്കുന്നുണ്ട്. **സിൻബിയോട്ടിക്സ്** എന്നാൽ പ്രീബയോട്ടിക്കുകളുടെയും പ്രോബയോട്ടിക്കുകളുടെയും ഒരു സംയുക്ത രൂപമാണ്. ഇവ രണ്ടിന്റെയും സ്വഭാവം പ്രകടിപ്പിക്കുന്നു ●

തുടരും

# കേരളത്തിലെ ഔഷധ നിർമ്മാണ സ്ഥാപനങ്ങളെ അറിയുക

ആനന്ദ് എം.ബി.



## യൂബയോ ബയോ ടെക്നോളജി സിസ്റ്റംസ് പ്രൈവറ്റ് ലിമിറ്റഡ്, കളമശ്ശേരി

കൊച്ചി കളമശ്ശേരി സർക്കാർ മെഡിക്കൽ കോളേജിനു സമീപം കിൻഫ്ര ബയോടെക്നോളജി ഹൈടെക് പാർക്കിൽ പ്രവർത്തിക്കുന്ന **യൂബയോ ബയോടെക്നോളജി സിസ്റ്റംസ്** എന്ന സ്ഥാപനം, ഇൻ വിട്രോ ഡയഗ്നോസ്റ്റിക് കിറ്റുകൾ നിർമ്മിക്കുന്ന ഒരു പ്രധാന സ്ഥാപനമാണ്. 2008 ൽ ഒരു Assay Development കമ്പനിയായി തുടങ്ങി ഇക്കഴിഞ്ഞ 12 വർഷം കൊണ്ടു ആധുനിക സൗകര്യങ്ങളോടു കൂടിയുള്ള IVD (ഇൻ വിട്രോ ഡയഗ്നോസ്റ്റിക് ഡിവൈസസ്) നിർമ്മിക്കുന്ന ഒരു വൻകിട സ്ഥാപനമായി വളർന്നു കഴിഞ്ഞു. മനുഷ്യർക്കും മൃഗങ്ങൾക്കും ഉപകാരപ്പെടുന്ന പരിശോധനാ കിറ്റുകൾ, കോവിഡ് 19 വൈറസ്സ് പരിശോധനയ്ക്കുള്ള റാപ്പിഡ് ടെസ്റ്റ് കിറ്റുകളും ഇവിടെ നിർമ്മിക്കുന്നു.

ഈ വസ്തുക്കൾ ഗുണമേന്മാ മാനദണ്ഡങ്ങൾ അനുശാസിക്കുന്ന ISO 13485, GMP സർട്ടിഫിക്കറ്റുകൾ കരസ്ഥമാക്കിയ ശേഷമാണ് 2014 മുതൽ വിപണിയിൽ സജീവമാകുന്നത്. 200000 rapid test devices ഒരു ദിവസം നിർമ്മിക്കാനുള്ള സംവിധാനങ്ങൾ ഇവിടെ ഒരുക്കിയിരിക്കുന്നു. പൂർണ്ണമായും യന്ത്രവല്കൃതമായ സൗകര്യങ്ങൾ ക്ലാസ് 10000 അസംബ്ലി സ്യൂട്ടുകൾ, 10 ശതമാനത്തിൽ താഴെ RH, ഓട്ടോമാറ്റിക് ആയ കോട്ടിംഗ്, ലാമിനേഷൻ, അസംബ്ലി ലൈനുകൾ മുഴുവനും ഓട്ടോമാറ്റിക്കായ ELISA വയൽ ബോട്ടിൽ ഫില്ലിംഗ് ലൈനുകൾ, SPCE അധിഷ്ഠിത ബയോസെൻസർ ലൈനുകൾ ക്ലാസ് 10000 സ്റ്റെറൈയിൽ ബഫർ ഫില്ലിംഗ് സൗകര്യം, ബയോസേഫ്റ്റി III കൾചർ റൂം, ആർ&ഡി ലാബ്, തുടങ്ങിയവ ഇവിടുത്തെ ഉത്പ്പന്നങ്ങളെ കുറ്റമറ്റതാക്കുന്നു.

### പ്രധാന ഉൽപ്പന്നങ്ങൾ

**Human Diagnostics**

**Tropical Diseases Serology:-** Leishmaniasis Antibody, Brucella Igg/Igm, Leptospira Igm, Tb-Mpt 64 Antigen, Chikungunya Igg/Igm Rapid Test

**Infection Serology:-** Hiv 1/2 Antibody, Hepatitis B Antigen, Hepatitis C Antibody, Syphilis Antibody, Streptococcus A, Influenza A And B, Covid Igg/Igm Rapid, Covid Antigen Rapid Test

**Enteric Infections:-** Rota-Adeno Antigen Test, H Pylori Antibody, H Pylori Antigen Test, Vibrio Cholera Antigen Test, Salmonella Typhi Antigen Test

**Dengue Serology:** Dengue Rapid Tests- Dengue Igg/Igm, Dengue Ns1 Ag, Dengue Ns1-Igg/Igm

**Drug Abuse:** Thc, Tca, K2, Pcp, Ppx, Oxycodone, Methadone, Morphine, Mdma, Ketamine, Methamphetamine, Barbital, Benzodiazepine, Amphetamine

**Malaria Product -** Malaria Antigen Tests

**Hormones And Markers :** Lh, Hcg, Crp, Pct, Crp-Pct, Troponin I, D-Dimer

### വിലാസം:

**UBIO BIOTECHNOLOGY SYSTEMS PVT LTD**
15A, Biotechnology Zone, Kinfra Hi-Tech Park,
Kalamassery, Cochin, India -683503 ,
Phone: +91-484-2970043, +91 9562207770

# പങ്കജകസ്തൂരി ആന്റീസിഡ് – ഒരു വിശകലനം




തിരുവനന്തപുരം പങ്കജകസ്തൂരി ഹെർബെൽസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് പുറത്തിറക്കിയ അവരുടെ ഒരു പേറ്റന്റ് ആയുർവ്വേദ മരുന്നാണ് **Pankajakasthuri Anticid**. ഈ മരുന്നിന്റെ വരവോടെ പാർശ്വഫലങ്ങളില്ലാത്ത, ഒരു സമ്പൂർണ്ണ ആയുർവ്വേദ അന്റാസിഡ് മരുന്നിനു വേണ്ടിയുള്ള കാത്തിരിപ്പിനു വിരാമമാകുകയായിരുന്നു. കുറഞ്ഞ സമയം കൊണ്ട് വിപണി കീഴടക്കിയ ഈ സിറപ്പിന്റെ ഗുണദോഷഫലങ്ങൾ നമുക്ക് വിശകലനം ചെയ്യാം.

ഇന്നത്തെ ജീവിതശൈലീ രോഗങ്ങളിൽ മുൻപന്തിയിൽ നിൽക്കുന്ന ഉദര രോഗങ്ങൾക്ക് ഒരു ദീർഘകാല പരിഹാരമാണ് ഈ ഔഷധം. ഗ്യാസ് ട്രബിൾ, ദഹനക്കേട്, നെഞ്ചുരുക്കം, വായൂകോപം എന്നിവ പ്രകൃതിദത്ത പച്ച മരുന്നുകൾ ഉപയോഗിച്ച് ഭേദമാക്കുന്ന ഒരു മരുന്നാണിത്. അംഗീകൃത ആയുർവ്വേദ മരുന്നുകൾ ശാസ്ത്രീയമായി കൂട്ടിച്ചേർത്ത്, പഞ്ചസാരയുപയോഗിക്കാതെ സ്വാഭാവിക രുചിയും മണവും നൽകി വിപണിയിലിറക്കിയിരിക്കുന്നു. പങ്കജകസ്തൂരി ആന്റീസിഡ് വിവിധ രുചികളിൽ വിപണിയിൽ ലഭ്യമാണ്. ഷുഗർ ഫ്രീ ആയതിനാൽ പ്രമേഹ രോഗികൾക്കും സുരക്ഷിതമാണ്. ഇന്നത്തെ ജങ്ക് ഫുഡ് കാലഘട്ടത്തിൽ ഉദരരോഗങ്ങൾ വർദ്ധിച്ചു വന്നു ചെറുപ്പത്തിൽ ത്തന്നെ മാറാരോഗങ്ങൾ പിടിപെടുന്നതായി കാണാം. അത്തരം ഉദര സംബന്ധമായ അസുഖങ്ങൾക്കെല്ലാം ഫലപ്രദമാണെന്ന് വിശദമായ ക്ലിനിക്കൽ പഠനങ്ങളിലൂടെയും നിരീക്ഷണങ്ങളിലൂടെയും കണ്ടെത്തിയ ശേഷം ഈ സിറപ്പിൽ ഹെവി മെറ്റലുകൾ, കീടനാശിനികൾ, മറ്റു വിഷവസ്തുക്കൾ എന്നിവ ഇല്ലായെന്ന് ഉറപ്പുവരുത്തിയ ശേഷമാണ് ഇത് പുറത്തിറക്കിയത്.

### ഉപയോഗക്രമം:

ദിവസേന 15ml 3-4 പ്രാവശ്യം ആഹാര ശേഷം. മരുന്നുപയോഗത്തിനു മുൻപ് കുപ്പി നന്നായി കുലുക്കുക.

### പ്രധാന ചേരുവകൾ:

ഈ മരുന്നിലെ ഓരോ ഘടകവും ശ്രദ്ധാപൂർവ്വം തിരഞ്ഞെടുത്താണ് ഉപയോഗിച്ചിരിക്കുന്നത്. പലതും നമ്മുടെ അടുക്കളയിൽ സ്ഥിരമായി ഉപയോഗിച്ചുകൊണ്ടിരിക്കുന്നതും പൗരാണികമായി ഫലപ്രാപ്തിയുള്ളതാണെന്നു തെളിയിക്കപ്പെട്ടിട്ടുള്ളവയുമാണ്. കൊത്തമല്ലി, പെരുംജീരകം, കടുക്ക, താന്നിക്ക, ചീനപ്പാവ്, കൊത്തമ്പാലരി, ശതാവരി ആരിവേപ്പ്, മുത്തങ്ങ, നിലംപരണ്ട, കാർകോലരി, വെളിച്ചെണ്ണ, മധുരനാരങ്ങ തൈലം, കർപ്പൂര തുളസിത്തൈലം എന്നിവ. അവയ്ക്കു ശരീരത്തിൽ ആസിഡിന്റെ അളവ് കൂടുന്നതു മൂലമുണ്ടാകുന്ന പ്രശ്നങ്ങളെ കുറയ്ക്കാനും, അതുണ്ടാക്കുന്ന അനന്തര രോഗങ്ങളെ പ്രതിരോധിക്കാനും കഴിവുണ്ട്. പൈൽസ്, മലബന്ധം, ഉദരപ്പുണ്ണുകൾ തുടങ്ങിയവ ഉണ്ടാകാതെ തടയാനും ജീവിതശൈലീ രോഗങ്ങളെ നിയന്ത്രിക്കാനും ശക്തിയുണ്ട്. Pudina, Jeera, Ginger, Kayam തുടങ്ങി നാലു വിവിധ രുചികളിൽ ഇത് ലഭ്യമാണ്. മരുന്ന് ഈർപ്പമടിക്കാതെ ഒരു ഉണങ്ങിയ പ്രതലത്തിൽ സൂക്ഷിക്കുക

ഫാർമഫസ്റ്റ് ഗവേഷണ വിഭാഗം

# മരുന്നുകളുടെ വിൽപ്പനക്കാർ ശ്രദ്ധിക്കേണ്ട പ്രധാന കാര്യങ്ങൾ

ഡോ. സ്വാതി പ്രദീപ്
PHARMACIST CHEMIST
WAREHOUSE, NSW AUSTRALIA



# മരുന്നുകടകൾ ലാഭകരമാക്കാം



ഔഷധശാലകൾ തുടങ്ങുമ്പോൾ ആവശ്യമായ സ്റ്റോറേജ് സംവിധാനങ്ങൾ ഒരുക്കുന്നത് അങ്ങേയറ്റം ശ്രദ്ധ പതിപ്പിക്കേണ്ട ഒരു വിഷയമാണ്. നിയമ പ്രകാരം 10 ചതുരശ്ര മീറ്റർ വിസ്തീർണ്ണം വേണ്ട ഒരു മുറിയിൽ കുറഞ്ഞത് 1.5 ക്യൂബിക് അടി വീതം ഗ്ലാസ്സിട്ട അലമാരയും തടി അലമാരയും വേണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. കൂടാതെ സ്റ്റീൽ അലമാരയും, 165 ലിറ്റർ അളവുള്ള ഒരു ഫ്രിഡ്ജും വിഷവസ്തുക്കൾ സൂക്ഷിക്കുന്നെങ്കിൽ പൂട്ടാവുന്ന ഒരു ചുവരലമാരയും ഉണ്ടാകണം. ഇതോടൊപ്പം കടയുടെ മുൻപിൽ ഒരു കൗണ്ടറും, ക്യാഷ് ചെസ്റ്റും, കമ്പ്യൂട്ടറും, മേശയും, കസേരയും, സ്റ്റൂളും ഇടാനുള്ള സ്ഥലവും ആവശ്യം വരും.

ഇതൊക്കെ മുന്നിൽ കണ്ടു കൊണ്ടു തിങ്ങി ഞെരുങ്ങാത്ത ഒരു മുറിയായിരിക്കണം തയ്യാറാക്കേണ്ടത്. 120 ചതുരശ്ര അടി കുറഞ്ഞ അളവ് മതിയെങ്കിലും ഭാവി വളർച്ച മുന്നിൽക്കണ്ട് 150 ചതുരശ്ര അടിയെങ്കിലും അളവുള്ള മുറിയാണ് അഭികാമ്യം.

മുറിയുടെ അളവിനനുസരിച്ചുള്ള സ്റ്റോറേജ് സംവിധാനവും ഒരുക്കണം. പുറത്തുനിന്നു നോക്കുന്ന ഒരാൾക്ക് മരുന്നുകൾ സൗകര്യപ്രദമായി അടുക്കും ചിട്ടയുമായി, ഗുണമേന്മയോടെ, വൃത്തിയായി, സൂക്ഷിച്ചിരിക്കുന്നത് കാണുമ്പോൾത്തന്നെ ഒരു പോസിറ്റീവ് ഊർജ്ജം ലഭിക്കും. അതു അടുത്തു ചെല്ലുമ്പോഴും നിലനിർത്തണം. വലിയ കവറുകൾ, മരുന്നുപാക്കറ്റുകൾ, ലേബൽ, പൊതിയാനുള്ള പേപ്പർ, ബില്ലുകൾ ഒക്കെ വാരിവിതറി ഇടാതെ ഉപയോഗം കഴിഞ്ഞ ഉടനെ അതാതു സ്ഥലത്തു തിരികെ വച്ച് എല്ലാവർക്കും പ്രാപ്യമായ രീതിയിൽ സൂക്ഷിക്കണം. അകത്തും പുറത്തും വൃത്തിയും ചിട്ടയും നിലനിർത്തണം. അതിനായി ജോലിക്കാർക്ക് നിർദ്ദേശങ്ങൾ കൊടുക്കുകയും വേണം. മരുന്നുകൾ കഴിയാവുന്നതും അവയുടെ ഒറിജിനൽ കൂടുകളിൽത്തന്നെ സൂക്ഷിക്കുക. വെറ്ററിനറി മരുന്നുകൾ മനുഷ്യർക്കുള്ള മരുന്നുകളിൽ നിന്നും മാറ്റി പ്രത്യേകം ലേബൽ ചെയ്തു സൂക്ഷിച്ചു വയ്ക്കുക. അതുപോലെ external use only എന്ന് ലേബൽ ചെയ്തിട്ടുള്ള മരുന്നുകളും, കോസ്മെറ്റിക് വിഭാഗവും, പോയ്സൺ ആയി കണക്കാക്കുന്ന വസ്തുക്കളും കഴിയുമെങ്കിൽ കടയുടെ പുറകുവശം സൂക്ഷിക്കുക.

പെട്ടെന്ന് ഉപഭോക്താവിന്റെ ശ്രദ്ധ പതിക്കേണ്ട ചില വസ്തുക്കൾ കടയുടെ മുൻപിൽ പ്രത്യേക അലമാരയിൽ അവശ്യമരുന്നുകളുമായി കൂട്ടിച്ചേർക്കാതെ പ്രദർശിപ്പിക്കാം. സർജിക്കൽ ഫിറ്റ്നസ് ഉപകരണങ്ങൾ, സൗന്ദര്യവർദ്ധക വസ്തുക്കൾ തുടങ്ങിയവ ഉപഭോക്താക്കൾക്ക് കാണത്തക്ക വിധം വരാന്തയിൽ സൂക്ഷിക്കാം. ഡ്രഗ്സ് ലൈസൻസ് പ്രകാരം മാത്രം വിൽക്കാൻ അനുവാദമുള്ള വസ്തുക്കൾ ലൈസൻസുള്ള മുറിയിൽ മാത്രമേ സൂക്ഷിക്കാവൂ. അല്ലാത്ത പക്ഷം നിയമ നടപടികൾ സ്വീകരിക്കാൻ ഡ്രഗ്സ് ഇൻസ്പെക്ടറിന് കഴിയും.

ഫസ്റ്റ് ഇമ്പ്രെഷൻ, ബെസ്ററ് ഇമ്പ്രെഷൻ എന്നു അതിഥികളെക്കൊണ്ട് പറയിപ്പിക്കുന്ന രീതിയിൽ ഒരു മരുന്നുകട സംരക്ഷിക്കണം. അത് സമൂഹത്തിൽ ആ സ്ഥാപനത്തെക്കുറിച്ചു നല്ല മതിപ്പുളവാക്കും, അതോടെ വിൽപ്പനയും മെച്ചപ്പെടും ●

തുടരും

അശ്വിൻ പി.




# FOLIC ACID

Folic acid is the synthetic form of the vitamin folate (also known as vitamin B9), usually found in dried beans, peas, lentils, oranges, whole-wheat products, liver, asparagus, beets, broccoli, brussels sprouts, and spinach.

It helps to produce and maintain new cells in the Human body which can prevent any changes in DNA that may lead to cancer. Red blood cell formation is dependent upon adequate levels of this vitamin. Folic acid is available in both an over-the-counter (OTC) and prescription form.

It is used to treat folic acid deficiency and certain types of anemia (lack of red blood cells) caused by its deficiency. It is indicated to: treat or prevent folate deficiency anaemia, (megaloblastic anaemia). It is also helpful in the prophylaxis in chronic haemolytic states, in renal dialysis, and in drug induced folate deficiency. It will prevent the recurrence of neural tube defects. A synthetic form of folic acid is used in dietary supplements and fortified foods. Folic acid is sometimes used with other medications to treat pernicious anemia. Folic acid used alone will not treat pernicious anemia and other anemia not related to Vitamin B12 deficiency. For women who may get pregnant, it is really important. Getting enough folic acid before and during pregnancy can prevent major birth defects of her baby's brain or spine.

## Dosage

**For Megaloblastic Anemia:** 1 mg orally, intramuscularly, subcutaneously or IV once a day.

**For Folic Acid Deficiency:** 400 to 800 mg orally, intramuscularly, subcutaneously or IV once a day.

Women of childbearing age, pregnant, and lactating women: 800 mcg orally, intramuscularly, subcutaneously or IV once a day.

**Pediatric Dose for Folic Acid Deficiency: Infant:**

0.1 mg orally, intramuscularly, subcutaneously or IV once a day.

**Child:**

Initial dose: 1 mg orally, intramuscularly, subcutaneously or IV once a day.

**Side effects: signs of an allergic reaction to folic acid:** hives, rash, itching, skin redness; wheezing, difficult breathing; swelling of face, lips, tongue, or throat

Other side effects may include:

- Nausea, loss of appetite;
- Bloating, gas, stomach pain;
- Bitter or unpleasant taste in your mouth;
- Confusion, trouble concentrating;
- Sleep problems;
- Depression; or
- Feeling excited or irritable.

Store folic acid at room temperature away from moisture and heat

# Know the Laws of Drugs

Salient features of The Drugs & Cosmetics Act 1940 PART IV-IMPORT AND REGISTRATION

PART - 25

Adv. BIPIN. J.

**24A.** Form and manner of application for Registration Certificate.

(1) An application for issue of a Registration Certificate shall be made to the licensing authority in Form 40, either by the manufacturer himself, having a valid wholesale licence for sale or distribution of drugs under these rules, or by his authorised agent in India, either having a valid licence under the rules to manufacture for sale of a drug or having a valid wholesale licence for sale or distribution of drugs under these rules, and shall be accompanied by the fee specified in sub-rule (3) and the informations and undertakings specified in Schedules D-I and D-II duly signed by or on behalf of the manufacturer.

(2) The authorisation by a manufacturer to his agent in India shall be documented by a power of attorney executed and authenticated either in India before a First Class Magistrate, or in the country of origin before such an equivalent authority, the certificate of which is attested by the Indian Embassy of the said country, and the original of the same shall be furnished along with the application for Registration Certificate.

(3) (i) A fee of one thousand and five hundred US dollars [or its equivalent in Indian rupees] shall be paid along with the application in Form 40 as registration fee for his premises meant for manufacturing of drugs intended for import into and use in India

(ii) A fee of one thousand US dollars 1[or its equivalent in Indian rupees] shall be paid along with the application in Form 40 for the registration of a single drug meant for import into and use in India and an additional fee at the rate of one thousand US dollars for each additional drug:


Provided that in the case of any subsequent application for registration of additional drugs by the same manufacturer, the fee to accompany shall be one thousand US dollars 1[or its equivalent in Indian rupees] for each drug.

(4) The fees shall be paid through a Challan in the Bank of Baroda, Kasturba Gandhi Marg, New Delhi-110001 or any other branch or branches of Bank of Baroda, or any other bank, as notified, from time to time, by the Central Government, to be credited under the Head of Account -0210-Medical and Public Health, 04-Public Health, 104-Fees and Fines:

Provided that in the case of any direct payment of fees by a manufacturer in the country of origin, the fees shall be paid through Electronic Clearance System (ECS) from any bank in the country of origin to the Bank of Baroda, Kasturba Gandhi Marg, New Delhi, through the Electronic Code of the bank in the Head of Account -0210- Medical and Public Health, 04- Public Health, 104-Fee and Fines, and the original receipt of the said transfer shall be treated as an equivalent to the bank challan, subject to the approval by the Bank of Baroda that they have received the payment.

(5) The applicant shall be liable for the payment of a fee of five thousand US dollars 1[or its equivalent in Indian rupees] for expenditure as may be required for inspection or visit of the manufacturing premises or drugs, by the licensing authority or by any other persons to whom powers have been delegated in this behalf by the licensing authority under Rule 22

*To be continued*



# Common Homeopathic Remedies

## Part-10

DR. S.R.L KUMARI D H M S

This serial contains a review of commonly used Homeopathic medicines for treating Acute and Chronic diseases by referring Materia medica which narrates the homoeopathic remedies authentically

## EUPATORIUM PERFOLIATUM

Eupatorium perfoliatum (also called bone-set) was used in traditional medicine by applying extracts for fever and common colds. In Homoeopathy, tincture of whole plant is used. It is useful in bone-pains, general and severe pains are relieved. It resolves the bilious vomiting and diarrhea, sick-headaches, cough arising from irritation of liver. Sluggishness of all organs and functions, very restless, difficulty of breathing, attended with perspiration, pain, soreness, and heaviness behind sternum and in cardiac region worse by least motion. Relieves symptoms of the common cold. Sleepiness and yawning, stretching and yawning before chill, sleepiness with difficult breathing. Hoarseness and cough, with soreness in chest. It is effective medicine for treating fevers of Malaria and Dengue.



## Characteristics

Eupat. perfol. is an old-world remedy for ill-conditioned ulcers, dysentery, stings of reptiles, chronic fevers, obstructed liver. Its leading characteristic is the distressing bone-pains it causes, such as are found in connection with malarial fevers and influenza. Soreness will be found running throughout the proving: headache with soreness internally, parietal protuberances sore; with pain and soreness in eyeballs; cough with extreme soreness down trachea, soreness of chest, aching in limbs throughout the body.

Relations. -Bryonia is the closest analogue; but Bryonia has free sweat, and the pains make the patient keep still. Eup. perfol.-has scanty sweat, and its pains cause restlessness.

Eupatorium Perfoliatum 30 & Eupatorium Perfoliatum 200 are the most used form of this homeopathic medicine.

## Directions For Use

Take 3-5 drops 2-3 times in a day or as directed by the physician.

## Causes & Symptoms for Eupatorium perfoliatum

### Mind and Head

Moaning, anxiety with headache is relieved with this remedy. Headache, with a sensation of Soreness and pulsation on the back part of the head **Headache and nausea** every other morning, when awaking periodical headache seen.

### Eyes, nose

Painful soreness of eyeballs.

Coryza, with sneezing and nasal inflammation.

### Mouth and Throat

Sudden severe contraction of muscles of right cheek, violent complaints.Cracks on corners of the mouth.

### Stomach and abdomen

- Eating causes violent distressing pains which are only relieved by vomiting. Craving for ice creams, for acid drinks.
- Vomiting immediately after drinking, colicky pains in upper abdomen, hepatic region soreness.
- Patient is restless, chilly and nauseated, retching
- and vomiting of bile.

### Stool and Anus

Constipation associated with Joint pains and headache.

### Urinary complaints

It is useful to increase urine output. Urine alternately profuse and scanty.

### Neck and Back

Aching pain in the back, Pain as from a bruise and weakness in back.

### Extremities

Intense soreness and aching in limbs, as if bruised or beaten.

Heat in the soles of the feet, swelling of left great toe, gouty soreness and inflamed nodosities of joint.

Heat in the hands, sometimes with perspiration, bruised pain in calves.

### Generalities

Sharp pain through right chest on deep inspiration. Sweat relieves all the symptoms except the headache.

### Side effects of Eupatorium perfoliatum

There are no such side effects. It is safe to take the medicine while taking allopathic and ayurvedic medicines.

### Precautions while taking Eupatorium perfoliatum

Always keep a gap of 15 minutes before or after meals when you take medicine.

Avoid eating tobacco or drinking alcohol during the course of medication

Nazeer A.

# TOP RATED PHARMACY COLLEGES IN SOUTH INDIA PART -16



## Crescent College Of Pharmaceutical Sciences - Payangadi, Kannur

Crescent College of Pharmaceutical Sciences at Payangadi, Kerala was established in 2003 in North Malabar region of the State, in Kannur District. The College is affiliated to Kerala University of Health Sciences, Thrissur, (KUHS). It is approved by the Govt. of Kerala (Director of Medical Education) and the concerned authorities of the Government of India like The Pharmacy Council Of India, AICTE.

The College offers B. Pharm, M. Pharm, Pharm.D and D. Pharm courses. The college has experienced and well-qualified faculty committed to impart quality pharmacy education to ensure the students a successful and rewarding career.

The aim of CCPS is the Educational and moral upliftment of the muslim minority in particular and rural and backward public of Kannur and Kasargod district. The college aims to provide quality education to all irrespective of caste, creed and religion.

The Instute has peerless infrastructure which provides a computerized reference library with CDs. The College occupies a prominent place among the unaided colleges affiliated to Kerala University of Health Sciences, Thrissur, (KUHS) with well equipped laboratory facilities in IT, Microbiology, Biotechnology, Biochemistry and Chemistry with analytical tools, Broad - band internet facilities and provision for uninterrupted Power Supply.


The college is run by ***"North Malabar Development Society"*** with ***Jb.K.P.Noorudeen Sahib*** as Chairman and ***Dr.Suja.C*** the Principal. ***Dr.Sujith S Nair*** is the Vice Principal

**Address**

Crescent College of Pharmaceutical Sciences
Madayippara, P.O. Payangadi (R.S)
Kannur Dist. Kerala 670358
Phone: 0497 2875510
Email : crescentccops@yahoo.in
crescentccops@gmail.com

Dr. Mathew John

# EEG MACHINE



An electroencephalogram (EEG) is a test that detects electrical activity in the brain using small, metal discs (electrodes) attached to the scalp. An electrode is a conductor through which an electric current enters or leaves. The electrodes transfer information from the brain to a machine that measures and records the data. The brain cells communicate via electrical impulses and are active all the time, even during sleeping. This activity shows up as wavy lines on an EEG recording. This is one of the main diagnostic tests for epilepsy. An EEG can also play a role in diagnosing other brain disorders.

An EEG tracks and records brain wave patterns. Small flat metal discs called electrodes are attached to the scalp with wires. The electrodes analyze the electrical impulses in the brain and send signals to a computer that records the results.The electrical impulses in an EEG recording look like wavy lines with peaks and valleys. These lines allow doctors to quickly assess whether there are abnormal patterns. Any irregularities may be a sign of seizures or other brain disorders.

The Data given by an EEG are used to confirm or rule out various conditions, including:

- Seizure disorders (such as epilepsy)
- Head injury
- Encephalitis (inflammation of the brain)
- Brain tumor
- Encephalopathy (disease that causes brain dysfunction)
- Memory problems
- Sleep disorders
- Stroke
- Dementia

When someone is in a coma, an EEG may be performed to determine the level of brain activity. The test can also be used to monitor activity during brain surgery. There are no risks associated with an EEG. The test is painless and safe. Some EEGs do not include lights or other stimuli. If an EEG does not produce any abnormalities, stimuli such as strobe lights, or rapid breathing may be added to help induce any abnormalities.

Specialized technicians administer EEGs at hospitals, Clinics and laboratories. The test usually takes 30 to 60 minutes to complete, and involves the following steps:

The patient has to lie down on his back in a reclining chair or on a bed. The technician will measure his head and mark where to place the electrodes. These spots are scrubbed with a special cream that helps the electrodes get a high-quality reading. The technician will put a sticky gel adhesive on 16 to 25 electrodes, and attach them to spots on the scalp.

Once the test begins, the electrodes send electrical impulse data from the brain to the recording machine. This machine converts the electrical impulses into visual patterns that appear on a screen. A computer saves these patterns. The technician may instruct the patient to do certain things while the test is in progress- Like to lie still, close the eyes, breathe deeply, or look at stimuli (such as a flashing light or a picture).

After the test is complete, the technician will remove the electrodes from the scalp. During the test, very little electricity passes between the electrodes and the skin, so very little discomfort is felt





ഡോ. ജി. ഹരിദാസ് എം.ഡി.

# സെറിബ്രൽ പാൾസി
## അഥവാ തലച്ചോറിനെ ബാധിക്കുന്ന
# തളർവാതം

നമ്മുടെ ശരീരത്തിലെ മാംസപേശികളുടെ ചലനവും ഏകോപനവും താറുമാറാക്കി തലച്ചോറിനെ ദുർബലപ്പെടുത്തുന്ന ഒരു രോഗമാണ് സെറിബ്രൽ പാൾസി. കാഴ്ച, കേൾവി, സംവേദനം എന്നിവയെയും ഇതു ബാധിക്കുന്നു. ഒരാളുടെ കുട്ടിക്കാലത്തു തന്നെ ചലനത്തെ ബാധിക്കുന്ന ശാരീരിക വൈകല്യമായി ഇതു പ്രകടമാകുന്നു.

### ലക്ഷണങ്ങൾ

ബാല്യകാലം മുതൽ ചലന ശക്തിക്കുറവ്, സ്വതന്ത്രമായി നടക്കാനും ഇരിക്കാനുമുള്ള ബുദ്ധിമുട്ട്, കാര്യങ്ങളും വസ്തുക്കളും മനസ്സിലാക്കാനുള്ള കഴിവില്ലായ്മ, പേശീബലസ്ഥിരതയില്ലായ്മ, സംസാരതടസ്സം, പക്ഷാഘാതം, അനിച്ഛാപൂർവ്വകമായ ശാരീരിക പ്രതികരണം, ശരീരപേശികളുടെ ചലന ക്രമക്കേട്, വിറയൽ, അധികമായി തുപ്പലൊലിക്കുക, ബോധപൂർവ്വമല്ലാത്ത ചലനങ്ങൾ, ചുഴലിദീനം തുടങ്ങി ഇങ്ങനെ തലച്ചോറിലെ നാഡീവ്യൂഹത്തെ ബാധിക്കുന്ന രോഗലക്ഷണങ്ങൾ 3 വയസ്സിനകം കാണിക്കുകയാണെങ്കിൽ ഉടനെ ഡോക്ടറെക്കണ്ടു ചികിത്സ തേടുക.

### കാരണങ്ങൾ

തലച്ചോറിന്റെ ക്രമവിരുദ്ധമായ വളർച്ച, വളർച്ചയുടെ സമയത്ത് മസ്തിഷ്കത്തിനുണ്ടാകുന്ന പരിക്ക് എന്നിവ ശരീര വളർച്ചയെയും, ചലനത്തെയും ദേഹഭാവത്തെയും ഏകോപനത്തെയും ബാധിച്ചു വിവിധ ലക്ഷണങ്ങൾ ഉണ്ടാകും. ചിലപ്പോൾ ഗർഭാവസ്ഥയിൽത്തന്നെ തലച്ചോറിന് ക്ഷതമേൽക്കാം. കാരണങ്ങളിൽ ചിലത് പ്രസവ സമയത്തു ആവശ്യത്തിന് ഓക്സിജൻ തലച്ചോറിലെത്താതെ വന്നാൽ, ജീൻ പരിവർത്തനം മൂലം അസാധാരണമായ മസ്തിഷ്ക വികാസം ഉണ്ടാകുക, കുട്ടിക്കാലത്തെ കടുത്ത മഞ്ഞപ്പിത്തം, അമ്മയ്ക്കുണ്ടാകുന്ന വൈറൽ രോഗബാധകൾ, തലച്ചോറിലെ രോഗങ്ങളായ മസ്തിഷ്ക ചർമ്മവീക്കം, മസ്തിഷ്കവീക്കം, തലച്ചോറിലെ രക്തസ്രാവം, അപകടമോ, വീഴ്ചയോ, ബാലപീഡനം മൂലമോ തലയിലുണ്ടാകുന്ന അപ്രതീക്ഷിത ആഘാതം എന്നിവ മൂലം ഈ അവസ്ഥയുണ്ടാകാം.

### രോഗസാദ്ധ്യത കൂടിയവർ

- സമയമെത്താതെ പിറന്നവർ
- ജന്മനാ തൂക്കം കുറഞ്ഞവർ
- ഇരട്ടകളായി ജനിച്ചവർ
- ജന്മനാ അനാരോഗ്യം പ്രകടമായവർ
- പ്രസവത്തിൽ പൃഷ്ഠഭാഗം ആദ്യം പുറത്തുവന്ന കുട്ടികൾ.
- അമ്മയുടെയും കുഞ്ഞിന്റെയും Rh രക്തഗ്രൂപ്പുകൾ വ്യത്യസ്തമായിരിക്കുന്നവർ
- ഗർഭാവസ്ഥയിൽ ചില വിഷവസ്തുക്കളുമായി സമ്പർക്കം പുലർത്തുന്ന അമ്മമാരുടെ കുട്ടികൾ

## വിവിധ അവസ്ഥവിഭാഗങ്ങൾ

### Spastic Cerebral Palsy (Spastic CP)

ഉദ്ദേശം 80 % രോഗികളും ഈ വിഭാഗത്തിൽ പെടുന്നവരാണ്. ഇവർക്ക് നടക്കാൻ കഴിയില്ല. പരുക്കനായ മാംസപേശികളോടെ, അതിശയോക്തി കലർന്ന, അനിച്ഛാപൂർവ്വകമായ ചേഷ്ടകളും ഇവർ പ്രകടിപ്പിക്കും. ദുർബല മാംസപേശികളും തളർവാതവും മൂലം വിലക്ഷണമായ ചലനമാണിവരുടെത്. ദേഹം മുഴുവനായോ ഏതെങ്കിലും ഭാഗത്തോ ഇവർക്ക് രോഗം ബാധിക്കാം.

### Dyskinetic Cerebral Palsy (Dyskinetic CP)

ശരീരചലനങ്ങൾ, പ്രത്യേകിച്ച് കൈകാലുകളും മുഖവും നാവും, നിയന്ത്രിക്കാനാവാതെ വളരെ പതുക്കെയോ, പിടച്ചിലോടെയോ, തെറിച്ചു തെറിച്ചോ നീങ്ങുന്ന അവസ്ഥയാണിവർക്ക്. നടക്കാനും ഇരിക്കാനും സംസാരിക്കാനും, ഭക്ഷണം ഇറക്കാനും ഇവർ ബുദ്ധിമുട്ടുന്നു.

### Hypotonic Cerebral Palsy(Hypotonic CP)

ബലം കുറഞ്ഞു അമിതമായി അയഞ്ഞപേശികൾ, കൈകാലുകൾ ഒരു തുണിപ്പാവ പോലെ ചലിപ്പിക്കുന്ന അവർ, തലയുടെ നിയന്ത്രണം കിട്ടാതെയും ശ്വാസതടസ്സത്തോടെയും നടക്കുന്നു. പ്രായമേറുമ്പോൾ നേരെ ഇരിക്കാൻ പോലും കഴിയാതെ, സംസാരതടസ്സവും, ചലനാത്മകതയും നഷ്ടപ്പെട്ടു ജീവിക്കും.

### Ataxic Cerebral Palsy (Ataxic CP)

സ്വാഭാവിക പേശിയുള്ള ഇവർ ക്രമം തെറ്റി, വികൃതമായ രീതിയിൽ കോച്ചിപ്പിടക്കുന്ന ചലനങ്ങളോടെ നീങ്ങുന്നു. മനസ്സിന്റെ സമനില തെറ്റി ഒന്നിനും ഏകോപനമില്ലാത്ത രീതിയാണിവർക്ക്. ഇവർക്ക് നടക്കാനും കാര്യങ്ങൾ തിരിച്ചറിയാനും എഴുതാനും ബുദ്ധിമുട്ടനുഭവപ്പെടുന്നു.

### Mixed Cerebral Palsy (Mixed CP)

ഇത്തരക്കാർക്ക് വിവിധ തരം രോഗങ്ങൾ കൂടിച്ചേർന്ന അവസ്ഥയാണുണ്ടാകുക, പ്രധാനമായും ***Spastic, Dyskinetic CP*** അവസ്ഥകൾ.

## രോഗനിർണ്ണയ രീതികൾ

ദേഹപരിശോധനയും, ലക്ഷണങ്ങളും, രോഗീചരിത്രവും നാഡീവ്യൂഹ പരിശോധനയും കൊണ്ട് പ്രാഥമിക നിഗമനത്തിലെത്താം. തുടർന്ന് തലച്ചോറിലെ പ്രവർത്തനം, ***Electroencephalogram (EEG)*** എടുത്തു വിലയിരുത്തും. അപസ്മാര രോഗലക്ഷണങ്ങളും നോക്കും. ***MRI scan*** വഴി തലച്ചോറിന്റെ സ്ഥിതിയും നോക്കും. ***CT scan*** കുറച്ചു കൂടി വ്യക്തമായ മുറിവ്, ക്ഷതം എന്നിവയുടെ ചിത്രം നൽകും.

***Cranial Ultrasound*** പരിശോധന നടത്തി എളുപ്പത്തിലും ചിലവുകുറഞ്ഞും സുരക്ഷയോടെയും കുട്ടികളുടെ തലച്ചോറിന്റെ കൃത്യമായ പ്രതിച്ഛായ വെളിവാക്കും. രക്തപരിശോധന ചെയ്തു രക്തസ്രാവമുണ്ടാകുന്നത് തിരിച്ചറിയാം. ഒരു ന്യൂറോളജിസ്റ്റിന്റെ വിദഗ്ദ്ധാഭിപ്രായം തേടിയ ശേഷം കാഴ്ച, കേൾവി, സംസാരം, ചലനശേഷി, ബൗദ്ധികശക്തി എന്നിവ വിശദമായി അപഗ്രഥിച്ചു ചികിത്സയിലേയ്ക്ക് കടക്കും. അനുബന്ധ പ്രശ്നങ്ങളായ തുപ്പലൊലിപ്പ്, സംസാരവൈകല്യം, ആശയവിനിമയ വൈഷമ്യം, വക്രത, (വളഞ്ഞ മുതുക്) മുട്ടിൽ വരുന്ന തേയ്മാനം, പേശികളിലും സന്ധികളിലും ഉണ്ടാവുന്ന കഠിന വേദന, ആത്മനിയന്ത്രണമില്ലായ്മ, എല്ലുകളുടെ ബലക്കുറവ്, ദന്തരോഗങ്ങൾ എന്നിവയും ബന്ധപ്പെട്ട വിദഗ്ധർ വഴി ചികിത്സിച്ചു ഭേദപ്പെടുത്താം.

## ചികിത്സാരീതികൾ

മരുന്നിനോടോപ്പം ആവശ്യമെങ്കിൽ സർജറിയും ചെയ്തു രോഗത്തെ നേരിടാനാവും. കണ്ണടകൾ, ശ്രവണസഹായി, ചലനസഹായികൾ, ദേഹ രക്ഷകൾ, വീൽ ചെയർ എന്നിവയും ഉപയോഗിക്കാം. സാധാരണയായി അപസ്മാരരോഗികളുടെ പേശികൾക്ക് അയവ് നൽകുന്ന മരുന്നുകളായ ***Diazepam, Dantrolene, Baclofen, Tizanidine*** എന്നിവയും ***Botox*** ഇൻജെക്ഷൻ, ***Intrathecal Baclofen Therapy*** തുടങ്ങിയവയും നൽകും.

എല്ലുരോഗ വിദഗ്ധർ ചലനശേഷി വർദ്ധിപ്പിക്കാനും വേദന കുറയ്ക്കാനും പേശികളുടെ കട്ടികുറയ്ക്കാനും പക്ഷാഘാതം മൂലമുണ്ടായ വൈകല്യങ്ങൾ നീക്കാനും സർജറി നടത്തിയേക്കാം.

***Selective Dorsal Rhizotomy (SDR)*** എന്ന അറ്റകൈപ്രയോഗവും (നട്ടെല്ലിന്റെ അടിത്തറയിലെ ചില ഞരമ്പുകൾ മുറിച്ചുള്ള രീതി) ചെയ്തു പക്ഷാഘാതവും അസഹ്യവേദനയും കുറയ്ക്കാം. സ്പീച് തെറാപ്പി, ഫിസിയോ തെറാപ്പി, ***Occupational Therapy, Recreational Therapy, Counseling Or Psychotherapy, Social Services Consultations, Stem Cell Therapy*** എന്നിവയും ഇവിടെ സഹായം ചെയ്യും.

## മുൻകരുതലുകൾ

പ്രസവസമയത്തെ സങ്കീർണ്ണത നീക്കുന്നതിന് ഗർഭാവസ്ഥയിൽ കൂടുതൽ ശ്രദ്ധിക്കുക, ആവശ്യമായ വാക്സിനുകളെടുത്തു ശിശുവിന്റെ മസ്തിഷ്കത്തെ സംരക്ഷിക്കുക. ഉദാ: റൂബെല്ല. സമയാസമയം ഡോക്ടറെക്കണ്ടു ആരോഗ്യസ്ഥിതി വിലയിരുത്തി അകാലപ്പിറവി, കുട്ടിയുടെ ശരിയായ ഭാരം, അണുബാധകൾ എന്നിവ ആവശ്യമായ മുൻകരുതലെടുക്കുക.

രോഗിയുടെ പ്രത്യേകതകളറിഞ്ഞു യഥാസമയം വേണ്ടത്ര സമയമെടുത്തു ചികിത്സിച്ചു ഈ രോഗത്തിന്റെ കാഠിന്യം കുറച്ചെടുക്കാം



# വൈറസ് പ്രതിരോധം മൂലം വൈറലാകുന്ന സോപ്പുകൾ ഭാഗം 4

ദേവിക. എസ്.

## രൂപത്തിന്റെ അടിസ്ഥാനത്തിൽ സോപ്പുകളെ മൂന്നായി തിരിക്കാം.

### *1. Handmade Soaps*

വാണിജ്യാടിസ്ഥാനത്തിൽ നിർമ്മിക്കുന്ന സോപ്പുകളേക്കാൾ വിലകൂടിയതും തികച്ചും പാരമ്പര്യരീതിയിൽ നിർമ്മിക്കുന്നതുമായ സോപ്പുകളാണിവ. പ്രകൃതിദത്ത ചേരുവകൾ ചേർത്ത് ചെറിയ അളവിൽ നിർമ്മിക്കുന്ന ഇവയിലെ പ്രധാന ഘടകങ്ങൾ പാമോയിൽ, ഒലിവു ഓയിൽ, വെളിച്ചെണ്ണ, സൂര്യകാന്തി എണ്ണ, ഷിയാബട്ടർ തുടങ്ങി പോഷകഗുണങ്ങൾ നിറഞ്ഞവയാണ്. അതോടൊപ്പം ചർമ്മത്തിന് ആരോഗ്യം നൽകുന്ന വിവിധ വിറ്റാമിനുകളും, ആന്റി ഓക്സിഡന്റുകളും ഇതിലെ ഘടകങ്ങളാണ്. വളരെ ലോലമായ ചർമ്മമുള്ളവർക്കു കട്ടികൂടിയ വീര്യമുള്ള രാസപദാർത്ഥങ്ങളടങ്ങിയിട്ടില്ലാത്ത തികച്ചും സുരക്ഷിതമായ ഇത്തരം സോപ്പുകളാണ് അഭികാമ്യം.

### *2. Bar Soaps*

നീണ്ടകട്ട രൂപത്തിലുള്ള ഇത്തരം സോപ്പുകൾ ***beauty soaps, bathing soaps, laundry soaps*** എന്നിങ്ങനെ തരം തിരിച്ചിരിക്കുന്നു.

### *3.Liquid Soaps*

ദ്രാവക രൂപത്തിലുള്ള ഇവ ശരീരവൃത്തിയ്ക്കും, കൈകൾ ശുദ്ധിയാക്കുന്നതിനും പാത്രം കഴുകുന്നതിനും, പ്രതലങ്ങൾ വൃത്തിയാക്കുന്നതിനും ഉപയോഗിക്കുന്നു.

ഇതു കൂടാതെ അതിലടങ്ങിയ ചേരുവകളുടെയും നിർമ്മാണ രീതിയുടെയും അടിസ്ഥാനത്തിലും സോപ്പുകളെ തരം തിരിക്കാം. പ്രധാന ഘടകങ്ങളെ അടിസ്ഥാനമാക്കി ***Milk Soaps, Flavored Soaps, Animal Soaps, Luxury Soaps, Perfumed Soaps*** എന്നിങ്ങനെ വേർതിരിക്കാം.

### *1. Milk Soaps*

സോപ്പുകളിൽ ഏറ്റവും മൃദുവായതും രൂക്ഷമല്ലാത്തതുമായ സോപ്പാണിത്. പ്രധാന ചേരുവയായ പാൽ ശരീരത്തെ പോഷിപ്പിക്കുകയും ലാളിക്കുകയും ചെയ്യുന്നു. മിനുസമുള്ളതും വഴുവഴുത്തതുമായ ഒരു പ്രതലമാണിവയ്ക്കുള്ളത്. ഉപയോഗശേഷം ശരീരത്തിന് വശ്യതയും മൃദുത്വവും ഇത് നൽകുന്നു. ആട്ടിൻ പാലുപയോഗിച്ചുള്ള സോപ്പുകളാണ് സാധാരണ ഉണ്ടാക്കുന്നത്. ശിശുക്കളുടെ ചർമ്മ പരിപാലനത്തിന് ഇത് അത്യുത്തമമാണ്. അതുകൊണ്ടുള്ള ഗുണം കുട്ടികൾക്ക് കാണാനാവും.



### 2. Flavored Soaps

സസ്യങ്ങളുടെയും ഔഷധച്ചെടികളുടെയും ഭാഗങ്ങളുടെ സത്തുക്കൾ ചേർന്ന ഇവയിൽ ***peppermint, vanilla, seaweed, lemongrass, tea tree*** എന്നിവയുടെ ഓയിലുകളാണ് മണത്തിനായി കൂടുതൽ ഉപയോഗിക്കുന്നത്. അവയ്ക്കു ചർമ്മരോഗങ്ങളെ പ്രതിരോധിക്കാനും കഴിയും.

### 3. Animal Soaps

മൃഗക്കൊഴുപ്പു ഉരുക്കി ഉണ്ടാക്കുന്ന ***sodium tallowate*** ഉപയോഗിച്ചുണ്ടാക്കുന്ന ഈ സോപ്പുകൾ ഇപ്പോൾ വിപണിയിൽ കുറവാണ്.

### 4. Luxury Soaps

ആഡംബര സോപ്പുകളിൽ വിലകൂടിയ വസ്തുക്കളായ ചന്ദനം, ബദാം, ചോക്ലറ്റ് എന്നിവ ചേർത്തിരിക്കുന്നു. അവ ചർമ്മത്തിന് കൂടുതൽ രോഗ പ്രതിരോധ ശേഷിയും തിളക്കവും പ്രദാനം ചെയ്യുന്നു.

### 5. Perfumed Soaps

സുഗന്ധദ്രവ്യ സോപ്പുകൾക്കു സാധാരണ സോപ്പുകളേക്കാൾ ഹൃദ്യവും സവിശേഷമായതുമായ ഒരു ഗന്ധമാണുള്ളത്. ബ്യൂട്ടിപാർലർ, ആയുർവേദിക് സ്പാ തുടങ്ങി അരോമാ തെറാപ്പി ഉപയോഗിക്കുന്ന സ്ഥലങ്ങളിൽ ഈ സോപ്പുകൾ സാധാരണയാണ്.

## Types of Soaps Based on the Method of Manufacture

നിർമ്മാണ രീതിയുടെ അടിസ്ഥാനത്തിലുള്ള വേർതിരിവ്. നിർമ്മാണപ്രക്രിയയുടെ അടിസ്ഥാനത്തിൽ സമാനമില്ലാത്ത, വിശിഷ്ട ലക്ഷണങ്ങളോടു കൂടിയുള്ള സോപ്പുകൾ ലഭിക്കുന്നു.

### 1. Melt and Pour Method

ഏറ്റവും ലഘുവായ രീതിയിൽ വീടുകളിൽ നിർമ്മിക്കാൻ കഴിയുന്നവയാണിവ. ക്ഷാരാംശം ഇല്ലാതെ സോപ്പിന്റെ അടിസ്ഥാന ഘടകം ഉരുക്കി ഒഴിച്ചുണ്ടാക്കുന്ന ദ്രവ രൂപത്തിൽ ലഭിക്കുന്ന സോപ്പിൽ ആവശ്യത്തിന് മണവും നിറവും നൽകി, ഔഷധപോഷക ഘടകങ്ങളും ചേർത്ത് ഇഷ്ടപ്പെട്ട രൂപത്തിൽ മോൾഡിൽ ഒഴിച്ച് നിർമ്മിക്കാം. അതു സ്വാഭാവികമായി ഉണങ്ങാനനുവദിച്ചു ആവശ്യത്തിന് കട്ടിയോടെ സോപ്പാക്കി മാറ്റാം.

### 2. Hot Press Method and Cold Press Method

ഈ പ്രക്രിയയിൽ ഏറ്റവും ശുദ്ധമായ സോപ്പ് പരമ്പരാഗത രീതിയിൽ അടിസ്ഥാന ഘടകങ്ങൾ, വെള്ളവും ക്ഷാരവും (സോഡിയം ഹൈഡ്രോക്സയിഡ്), സസ്യഎണ്ണകളും, ഉപയോഗിച്ച് നിർമ്മിക്കാം. അതിനു ***hot & cold press*** രീതികളാണ് സാധാരണ അവലംബിക്കുന്നത്.

### Hot Press Method

ഈ പ്രക്രിയയിൽ ക്ഷാരഓയിൽ റേഷ്യോ കൃത്യമായിക്കൊള്ളണമെന്നില്ല. ലൗണ്ടറി സോപ്പുനിർമ്മാണത്തിന് ഈ രീതിയാണവലംബിക്കുന്നത്. കോൾഡ് പ്രോസസ്സിനെ അപേക്ഷിച്ചു എളുപ്പവും സമയക്കുറവും മതിയാകും. പക്ഷെ കാണാൻ വലിയ തിളക്കവും ഭംഗിയും ഉണ്ടാവില്ല.

### Cold Press Method

കാണാൻ നല്ല ഭംഗിയും ഉറപ്പുമുള്ള സോപ്പുകളാണിവ. ഇവിടെ സാപോണിഫിക്കേഷൻ എന്ന സോപ്പുണ്ടാകുന്ന പ്രക്രിയ വളരെ പതുക്കെയാണ്. അതുകാരണം നിർമ്മാതാക്കൾക്ക് ഏതു രീതിയിൽ വേണമെങ്കിലും അതിന്റെ ഭംഗി വർദ്ധിപ്പിക്കാം.

### 3. Rebatching / Milling Method

നിർമ്മാണത്തിൽ അപാകതയുണ്ടായി പുറംതള്ളുന്ന സോപ്പുകൾ നിയമപ്രകാരം പുതുതാക്കുന്ന പ്രക്രിയയാണിത്. ഹോട്ട് /കോൾഡ് പ്രോസസ്സ് ഉപയോഗിച്ച് ഉരുക്കിയെടുത്ത അത്തരം സോപ്പുകൾ പുതിയ മണത്തിലും, രൂപത്തിലും, നിറത്തിലും പുനർനിർമ്മിക്കാം.

## സോപ്പ് നിർമ്മാണത്തിലെ അടിസ്ഥാന ചേരുവകൾ

***Lye:*** സോഡിയം/ പൊട്ടാസ്യം ഹൈഡ്രോക്സയിഡ് ലായനി ഓയിലുമായി ചേർന്ന് പ്രതിപ്രവർത്തിച്ചു സാപോണിഫിക്കേഷൻ എന്ന പ്രക്രിയ വഴിയാണ് സാധാരണ സോപ്പുണ്ടാകുന്നത്. വെള്ളത്തിൽ ലയിക്കുന്ന ക്ഷാരാംശങ്ങളാണ് ഇവ രണ്ടും.

***Water:*** സോപ്പ് നിർമ്മാണത്തിനത്യാവശ്യമായ മറ്റൊരു വസ്തുവാണ് വെള്ളം.

***Fragrance :*** ഇന്ന് വിപണിയിൽ ലഭ്യമായ മിക്ക സോപ്പുകളും സുഗന്ധ പൂരിതമാണ്. ഹെർബൽ ഓയിലുകളും സത്തുകളും കൂടുതലായി സുഗന്ധം നൽകാനുപയോഗിക്കുന്നു.

***Color:*** നിറമുള്ള സോപ്പുകൾക്കാണ് ശ്രദ്ധ നേടാൻ കഴിയുന്നത്. സർക്കാർ അംഗീകൃത സുരക്ഷിതമായ നിറങ്ങൾ തിരഞ്ഞെടുത്തുപയോഗിക്കാവുന്നതാണ്.

***Preservatives:*** ലിക്വിഡ് സോപ്പുകളിൽ സാധാരണ പ്രീസെർവേറ്റിവുകൾ ചേർത്ത് സുരക്ഷിതമാക്കാറുണ്ട്.

***Ready-Made Soap Bases:*** കൃത്രിമ /പ്രകൃതിദത്ത റെഡിമെയിഡ് സോപ്പ് ബേസുകൾ നൂഡിൽ രൂപത്തിലും പൗഡർ ആയിട്ടും ഇപ്പോൾ വിപണിയിൽ ലഭ്യമാണ്. അതുപയോഗിച്ചു പല രൂപത്തിലും മണത്തിലും നിറത്തിലുമുള്ള സോപ്പുകൾ നിർമ്മിക്കാം

# MOST IMPORTANT HEALTH EVENTS OF THE MONTH

## OCTOBER

### World Cerebral Palsy Day- 6 October

CP is one of the most common physical disabilities affecting the most vulnerable among us — children. It occurs over the span of a child's entire lifetime with no cure.

The vision of the day is to, "ensure that children and adults with cerebral palsy (CP) have the same rights, access and opportunities as anyone else in our society. It is only together, that we can make that happen. World CP Day aims to celebrate the lives of those who are affected by cerebral palsy, create powerful voices for them, become a catalyst for solutions and social change, and create tangible actions and outcomes that will help improve their lives for the better.

### World Mental Health Day- 10 October

The objective is to raise awareness of mental health issues around the world and to mobilize efforts in support of mental health. The theme for World Mental Health Day 2021 which is 'Mental Health in an Unequal World'. This theme, will highlight that access to mental health services remains unequal, with between 75% to 95% of people with mental disorders in low- and middle-income countries unable to access mental health services at all, and access in high income countries is not much better.

### WORLD SPINE DAY 2021 – BACK 2 BACK-16 October

Welcome to BACK 2 BACK, World Spine Day's campaign theme for 2021!

The theme reflects the need to reset and refocus on spinal pain and disability as part of the global burden of disease. The Day also recognizes the lack of access to quality spine care and rehabilitation in under-served communities, which results in chronicity and permanent deformity.

This will focus methods to protect the spines by staying mobile, avoiding physical inactivity, not overloading and adopting healthy habits such as weight loss and smoking cessation. Back2Back will focus attention on spinal pain and disability at home, in the workplace, in schools and in our communities.




### World Osteoporosis Day (WOD)- October 20

The day is dedicated to raise global awareness of the prevent-ion, diagnosis and treatment of osteoporosis and metabolic bone disease. Tips to reduce the disease include-:

Exercise regularly-Weight-bearing, muscle-strengthening and balance-training exercises are best. Ensure a diet rich in bone-healthy nutrients-Calcium, vit D and protein ,. Safe exposure to sunshine to get enough vit D. Avoid negative lifestyle habits-Maintain a healthy body weight, avoid smoking and excessive drinking. Check risk factors like previous fracture or diseases and drugs that affect bone health. Get tested and treated on time.

On 07th OCTOBER 2021

NEW OFFICE INAUGURATION AT TEMPLE TOWN KOCHI IN KERALA (GODS OWN COUNTRY)

# NOW PROUDLY LAUNCHES IN KERALA

MEDIHAUXE PHARMA PRIVATE LIMITED

THE MEDICINE PEOPLE

# MEDIHAUXE PHARMA PRIVATE LIMITED

## ONE STOP MEDICAL SOLUTION FOR DRUGS

***Medihauxe Pharma Private Limited*** has grown rapidly during last couple of decades* is today the Prominent & most sought after Pharma Distribution Company in southern India. It has carved its own unique niche in the Super Speciality Segment along with other ***LIFE SAVING MEDICINE SECTOR & GENERAL MEDICINE***. Presently Medihauxe Pharma offers its Pharma Distribution services in TELANGANA & ANDHRA PRADESH.

By doing this massive expansion, Medihauxe Pharma ensures wide spread service to Mankind & also in the process promotes EMPLOYMENT GENERATION… KERALA (from Kochi) Operations are CONCEPTUALIZED with a very specific agenda.

- Wide Range of Product Profile For Holistic Service To the end user.
- A very specific & innovative service, to the senior citizens (elderly People of Kerala) ensuring desired comfort & convenience.
- As usual, Medihauxe Pharma Offers a well equipped multifaceted, state of the Art office with very best facilities, in the service of the ailing.

www.medihauxepharma.com

**Mr. SHYAM NAIR (Head Operations). ☎ 0484 4305515/ 16/ 17**

Address: MAG ASSET, Sreekala Road, Vennala P.O., Cochin - 682028 (Kerala)

ഫാർമ ഫസ്റ്റ്
Vol-3 Issue-8 October 2021

RNI Reg. No : KERBIL/2019/77253
of the Registrar of Newspapers for India
Published on 05 October 2021

Price: ₹35/-
Annual Sub: ₹400/-




Printed and Published by M.R.Pradeep Propreitor, Pharma First, Muvattupuzha.Printed at M/s Sterling Print House (P) Ltd, Door No. 49/1849, AIMS Ponekkara P.O, Cochin 682041. Published from 18/449, A-2, F1A, Marymatha Apartments, Piravom Road, Muvattupuzha, Ernakulam-686661. Phone: 8289856081.Editor: M.R.Pradeep, M.Pharm